VI റിപ്പോർട്ട് സമർപ്പണം

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഒന്നും രണ്ടും റിപ്പോർട്ടുകൾ

ശ്രീ. തമ്പാനൂർ രവി: സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഒന്നും രണ്ടും റിപ്പോർട്ടുകൾ സമിതി ചെയർമാനുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

I am very thankful to the Honourable Members as well as the Ministers. അര മണിക്കൂർ കൊണ്ട് എല്ലാ സബ്മിഷൻസും തീർക്കാൻ സാധിച്ചു.

VII നിയമനിർമ്മാണ കാര്യം

മി. സ്പീക്കർ: 2004-ലെ കേരള ധനവിനിയോഗ ബില്ലും 2004-ലെ കേരള ധനവിനിയോഗ (2 മുതൽ 11 വരെ) ബില്ലുകളും, 2004-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലും ഒന്നിച്ച് അവതരിപ്പിച്ച് ഒന്നിച്ച് ചർച്ച ചെയ്യാമെന്നാണ് എന്റെ നിർദ്ദേശം.

2004-ലെ കേരള ധനവിനിയോഗ ബിൽ, 2004-ലെ കേരള ധനവിനിയോഗ (2 മുതൽ 11 വരെ) ബില്ലുകൾ, 2004-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ എന്നിവയുടെ അവതരണവും അനന്തര ഘട്ടങ്ങളും

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, 2004-ലെ കേരള ധനവിനിയോഗ ബിൽ, 2004-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ, 2004-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ ബിൽ), 2004-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ, 2004-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ, 2004-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ, 2004-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബിൽ, 2004-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ബിൽ, 2004-ലെ കേരള ധനവിനിയോഗ (9-ാം നമ്പർ) ബിൽ, 2004-ലെ കേരള ധനവിനിയോഗ (10-ാം നമ്പർ) ബിൽ, 2004-ലെ കേരള ധനവിനിയോഗ (11-ാം നമ്പർ) ബിൽ, 2004-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ എന്നിവ ഞാൻ അവതരിപ്പിക്കുന്നു.

10.30 A.M.]

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, 2004-ലെ കേരള ധനവിനിയോഗ ബിൽ, 2004-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ, 2004-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ, 2004-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ, 2004-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ, 2004-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ, 2004-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബിൽ, 2004-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ബിൽ, 2004-ലെ കേരള ധനവിനിയോഗ (9-ാം നമ്പർ) ബിൽ, 2004-ലെ കേരള ധനവിനിയോഗ (10-ാം നമ്പർ) ബിൽ, 2004-ലെ കേരള ധനവിനിയോഗ (11-ാം നമ്പർ) ബിൽ, 2004-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

[അദ്ധ്യക്ഷ വേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. പിരപ്പൻകോട് മുരളി: സർ, ഞാൻ ധനവിനിയോഗ ബില്ലുകളേയും വോട്ട് ഓൺ അക്കൗണ്ട് ബില്ലിനേയും എതിർക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ഒരു വാചകം പറഞ്ഞു, 2001-ൽ നാം നിപതിച്ച നിരാശയുടേയും വിഷാദത്തിന്റേയും പടുകുഴിയിൽ നിന്ന് സംസ്ഥാനത്തെ കര കയറ്റാനുള്ള ദൗത്യവുമായിട്ടാണ് അദ്ദേഹം ബഡ്ജറ്റ് അവതരിപ്പിച്ചത് എന്ന്. അതിനുവേണ്ടി അദ്ദേഹം കണ്ടെത്തിയ ഒറ്റമൂലി, എന്നു പറയുന്നത് കടബാധ്യത കുറച്ചുകൊണ്ടുവരുക എന്നതാണ്. അതാണ് നമ്മുടെ സാമ്പത്തിക നടപടികളുടെ ലക്ഷ്യമെന്നു അദ്ദേഹം പറഞ്ഞു. നിർഭാഗ്യവശാൽ പറച്ചിലും പ്രവൃത്തിയും തമ്മിൽ യാതൊരു ബന്ധവുമില്ലെന്നുള്ളതാണ് തെളിവ്. നമ്മുടെ പൊതുകടം കുറച്ചുകൊണ്ടുവരുമെന്നാണ് അദ്ദേഹം പറഞ്ഞത്. ധവളപത്രത്തിൽ അദ്ദേഹം പറഞ്ഞത് എൽഡി.എഫ്. ഗവൺമെന്റ് നാടിനെ ധൂർത്തടിച്ച് കുഴപ്പത്തിലാക്കി, 23,778 കോടി രൂപയുടെ പൊതുകടം വർദ്ധിപ്പിച്ചു എന്നാണ്. 12,000-ത്തിൽ നിന്ന് അഞ്ചു വർഷം കൊണ്ട് 23,778 കോടി രൂപ വർദ്ധിപ്പിച്ചതാണ് വലിയ കുറ്റമായി അദ്ദേഹം കണ്ടത്. എന്നാൽ ഇപ്പോഴത്തെ അവസ്ഥയോ? വെറും 32 മാസം കൊണ്ട് 34,720 കോടി രൂപ പൊതുകടം വർദ്ധിപ്പിച്ചു. ഏതാണ്ട് 15,000 കോടിയോളം രൂപ 32 മാസം കൊണ്ട് വർദ്ധിപ്പിച്ചു. അഞ്ചു വർഷം കൊണ്ട് 12,000-ത്തിൽ ചിലാനം പൊതുകടം വർദ്ധിപ്പിച്ചത് അദ്ദേഹം കുറ്റമായി കാണുകയും ഇപ്പോൾ 15,000-ത്തോളം കോടി രൂപ വർദ്ധിപ്പിച്ചത് വികസനപ്രവർത്തനമായി കാണുകയും ചെയ്യുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ നാട്ടുകാരൻ കൂടിയായ അന്നത്തെ നമ്മുടെ ധനകാര്യവകുപ്പുമന്ത്രി പറഞ്ഞതും വികസനപ്രവർത്തനത്തിന്റെ കാര്യമാണ്. എന്നിട്ട് ഈ വിവേചനം അദ്ദേഹം

LIBRARY ARCHIVES Kerala Legislative Assembly

എന്തുകൊണ്ടാണ് നടത്തിയതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. നമ്മുടെ വടക്കൻ പാട്ടിലെ പുത്തൂരം വീട്ടിലെ പാണനാരെപ്പോലെ ഏതു ബഡ്ജറ്റിനേയും സ്തുതിക്കാൻ വേണ്ടി ഭരണകക്ഷിയും എതിർക്കാൻവേണ്ടി പ്രതിപക്ഷവും എന്നുള്ള ഒരു സമീപനമുണ്ട്. അതിന്റെ ഫലമായി ഈ ബഡ്ജറ്റിലെ ന്യൂനതകളൊന്നും കാണാതെയാണ് എന്റെ സ്നേഹിതന്മാർ യഥാർത്ഥത്തിൽ ഈ ബഡ്ജറ്റിനെ വിമർശിക്കാതെ പിന്താങ്ങിയത് എന്നുപറയാൻ എന്നെ അനുവദിക്കണം. ഏറ്റവും പ്രധാനപ്പെട്ട വിഷയം ഈ ബഡ്ജറ്റ് പൊതുവിൽ കണ്ടാൽ വലിയ ആകർഷണവും വലിയ ഭീമാകാരവുമാണ്. പൊക്കമില്ലാത്തവൻ പൊയ്ക്കാലിൽ കയറി പൊക്കമുണ്ടാക്കുന്നതുപോലെ ഈ ബഡ്ജറ്റിന്റെ യഥാർത്ഥ രൂപം എന്നു പറയുന്നത് വിദേശകടം, എ.ഡി.ബി.-യുടെ ലോൺ എന്നിവ മാറ്റിയെടുത്താൽ പിന്നെ ഈ ബഡ്ജറ്റിലൊന്നുമില്ല. പക്ഷേ എ. ഡി. ബി. ലോൺ വാങ്ങുന്നതിന് ഞങ്ങളാരും എതിരല്ല. ബംഗാൾ, ചൈന എന്നൊക്കെ കൂടെക്കൂടെ പറയാറുണ്ട്, സമയമില്ലാത്തതുകൊണ്ട് ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇത് പഴയ വൈദ്യൻമാരുടെ കഥ പറഞ്ഞതു പോലെയാണ്. രോഗം നിർണ്ണയിക്കാനറിയാതെ രോഗിയെ ചികിത്സിക്കുന്നതുപോലെയാണ്. ബംഗാളിൽ എങ്ങനെയാണ് കടം സ്വീകരിക്കുന്നത്, ചൈനയിൽ എങ്ങനെയാണ് കടം സ്വീകരിക്കുന്നത് എന്നു മനസ്സിലാക്കിയിട്ട് ഇതു പറഞ്ഞുവെങ്കിൽ തർക്കമില്ല. പക്ഷേ രോഗനിർണ്ണയം നടത്താതെ രോഗിയെ ചികിത്സിക്കുന്നതുപോലെ അവിടേയും വാങ്ങുന്നു, ഇവിടേയും വാങ്ങുന്നു. പക്ഷേ അവിടെയുള്ള വാങ്ങിപ്പ് എങ്ങനെയാണ്, അവരുടെ ആവശ്യങ്ങൾക്കുവേണ്ടിയാണ്. ഇവിടെ എന്താണവസ്ഥ? ഇവിടെ കടം വാങ്ങിക്കഴിഞ്ഞാൽ അവനു വിധേയമാവുകയാണ്. ആരോ പറഞ്ഞതുപോലെ നമുക്ക് നമ്മുടെ Drawing Room വരെ ഒരു അതിഥിയെ സ്വീകരിക്കാം, പക്ഷേ Bed Room-ലേയ്ക്ക് വിളിക്കരുത്. വി. കെ. എൻ.-ന്റെ പ്രസിദ്ധമായ 'ആരോഹണം' എന്ന നോവലിലെ ഒരു കഥാപാത്രം അധികാരത്തിലെത്താൻവേണ്ടി അധികാരത്തിന്റെ corridor-ൽ നിന്ന് Drawing room കഴിഞ്ഞ് Bed Room കണ്ടപ്പോൾ അതിഥിയെ വിളിച്ചിട്ട് Consider please, this is as your own Bed Room എന്നുപറഞ്ഞതുപോലെയാണ് ഇപ്പോൾ എ.ഡി.ബി. ലോൺ വാങ്ങിയതുകൊണ്ട് നമ്മുടെ ഭരണത്തിന്റെ ആഭ്യന്തര കാര്യങ്ങളിൽപ്പോലും അവരെ യഥേഷ്ടം വിഹരിക്കാൻ അനുവദിക്കുകയാണ്. അതിന് ഏറ്റവും നല്ല തെളിവായിരുന്നു നമ്മുടെ ഡി.പി.ഐ. ഓഫീസിൽ കയറി അവിടെയുള്ള സ്റ്റാഫിനേയും അവിടെയുള്ള സർവ്വീസ് ബുക്കുകളും ഒക്കെ വെരിഫൈ ചെയ്യുന്ന അവസ്ഥയിലേയ്ക്കുവരെ എത്തിയത്. നമ്മുടെ കമ്മി സംസ്ഥാനത്തിന് ലോൺ എടുക്കാതെ കഴിയില്ലെന്ന് ഉറപ്പാണെങ്കിലും ആ ലോൺ എങ്ങനെ വിനിയോഗിക്കണമെന്ന നമ്മുടെ സാമ്പത്തിക സ്വാശ്രയത്വം നമുക്ക് നഷ്ടപ്പെടുത്താൻ പാടില്ല എന്നും ഉറപ്പുവരുത്തണം. മറ്റൊന്ന്, ഈ ബഡ്ജറ്റിനെ വാനോളം പുകഴ്ത്തിയ സ്നേഹിതന്മാർ മനസ്സിലാക്കാത്ത ഒരുകാര്യം 2002-2003-ലേയും, 2003-2004-ലേയും, 2/198/2013—30a.

2004-2005-ലേയും ബഡ്ജറ്റുകൾ പരിശോധിച്ചപ്പോൾ, ഓരോ വാർഷിക ബഡ്ജറ്റും വരുമ്പോൾ നമുക്കുള്ള പൊതു സാമൂഹ്യ സുരക്ഷിതത്വ നടപടികൾ ഘട്ടം ഘട്ടമായി കുറച്ചുകൊണ്ടുവരികയാണ്. 2001-2002-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് ഒന്നുംചെയ്തില്ല എന്ന് നിങ്ങൾ ആക്ഷേപിച്ച കാലത്തുപോലും നടത്തിയ അത്രയും വികസനപ്രവർത്തനം 2003-ലും 2004-ലും നടത്താൻ കഴിയാത്ത ഒരവസ്ഥയാണ് ഈ ബഡ്ജറ്റിൽ കാണുന്നത്. അതിനെയാണ് അഹോരൂപം അഹോസ്വരം എന്നുപറയുന്നതു പോലെ എത്ര മനോഹരമാണ് ഈ ബഡ്ജറ്റെന്നു പറയുന്നത്. ഇപ്പോൾ നമ്മുടെ വിദ്യാഭ്യാസ രംഗം, ഞാൻ അതിലെ മറ്റു കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല, അതിലെ കോഴയും അതിന്റെ ഏർപ്പാടുകളുമൊന്നും ഞാൻ പറയുന്നില്ല. പക്ഷേ രക്ഷകർത്താക്കൾ എന്നുള്ള നിലയിൽ നമ്മളൊന്ന് ആലോചിക്കണം. നമ്മുടെ വിദ്യാഭ്യാസ രംഗത്തിന്റെ അവസ്ഥയെന്താണ്? എന്തിനുവേണ്ടിയാണ് വിദ്യാഭ്യാസം? ഞാൻ ഭയക്കുകയാണ്, വരുന്ന മൂന്നു വർഷം കഴിഞ്ഞാൽ ഇവിടെ ആത്മഹത്യാ നിരക്ക് ഉയരാൻ പോവുകയാണ്. എഞ്ചിനീയറിംഗ് കോളേജുകളിലും അതുപോലെ മെഡിക്കൽ കോളേജുകളിലും പോകുന്ന കുട്ടികൾക്ക് പഠിക്കാൻ കഴിയാത്ത അവസ്ഥ, പഠിച്ചതുകൊണ്ട് പ്രയോജനമില്ലാത്ത അവസ്ഥ, ഇനി പഠിക്കാൻപോലും ആ സ്ഥാപനത്തിൽ ആളുണ്ടാകാത്ത അവസ്ഥ, വിദ്യാർത്ഥികളും മാനേജ്മെന്റും ആത്മഹത്യയിലേയ്ക്കു പോകുന്ന അവസ്ഥയാണ് വരാൻ പോകുന്നത്. ഒരു ലക്ഷ്യവുമില്ലാതെ തൽക്കാലം കുറച്ചു പണമുണ്ടാക്കാനുള്ള ബിസിനസ്സായിട്ട് വിദ്യാഭ്യാസത്തെ അധഃപതിപ്പിക്കുകയാണ്. നമ്മുടെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് ഇതൊന്നും പറഞ്ഞിട്ട് ഒരു കാര്യവുമില്ല. തേങ്ങാ മോഷണത്തിന് തെങ്ങിൽ കയറിയവനെ അതിന്റെ ഉടമസ്ഥൻ കണ്ടുപിടിച്ച് നീ എന്തിനാടാ തെങ്ങിൽ കയറിയതെന്നു ചോദിച്ചപ്പോൾ ഞാൻ താളിയൊടിക്കാൻ കയറിയതല്ലേ എന്നും താളിയൊടിക്കാൻ കയറിയതാണെങ്കിൽ പിന്നെ എന്താ നീ താളിയൊടിക്കാത്തത്, നീ എന്തിനാണ് എന്നെ കണ്ടയുടൻ താഴെയിറങ്ങിയത് എന്നു ചോദിച്ചപ്പോൾ അത് താളിയില്ലാത്തതുകൊണ്ടാണ് എന്നു പറയുകയും ചെയ്തതുപോലെ കോടതി തൊണ്ടി സഹിതം പിടിച്ചു നിർത്തിയിട്ടും അദ്ദേഹം പറയുന്നത് എന്താണ് കാര്യം, കുഴപ്പമുണ്ടെങ്കിൽ അത് പിൻവലിച്ചില്ലേ, ഗവൺമെന്റ് തന്നെ പിൻവലിച്ചില്ലേ, ലിസ്റ്റ് റദ്ദാക്കിയില്ലേ എന്നാണ്. ഇത്രയും ധാർമ്മികമായ അധഃപതനമാണ് നടക്കുന്നത്. നമുക്കറിയാം, തിരുവനന്തപുരത്തെ എഞ്ചിനീയറിംഗ് കോളേജ്, ഇത്രയും പ്രസിദ്ധമായ ഒരു സ്ഥാപനം, കേരളത്തിലെ ആദ്യത്തെ എഞ്ചിനീയറിംഗ് കോളേജാണ്, 650 കോടിയിലധികം രൂപയുടെ ഇൻവെസ്റ്റ്മെന്റാണ് ആ കോളേജിനുള്ളത്. ലോകബാങ്കിന്റെ Excellence പദവി കിട്ടാൻ വേണ്ടി, അങ്ങനെ കിട്ടിയാൽ 50 കോടി രൂപ ഗ്രാന്റ് കിട്ടും, ആ 50 കോടി രൂപയുടെ ഗ്രാന്റിനുവേണ്ടി 650 കോടി രൂപയുടെ ആസ്തി നഷ്ടപ്പെടുത്തി അതിനെ ഒരു സ്വാശ്രയ സ്ഥാപനമാക്കാനുള്ള ഗൂഢാലോചനയാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് ഒരഭ്യർത്ഥനയുള്ളത് നമ്മുടെ prestige ആണ് ആ സ്ഥാപനം. അതിനെ സ്വാശ്രയമാക്കാൻ സമ്മതിക്കരുത്, കാരണം കേരളത്തിലെ ഏറ്റവും prestigious ആയ എഞ്ചിനീയറിംഗ് കോളേജിനെ അതിന്റെ ഇന്നത്തെ പദവിയിൽ നിന്നും താഴേയ്ക്കു കൊണ്ടുപോകാൻ അനുവദിക്കരുതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. വിദ്യാഭ്യാസ കാര്യത്തെക്കുറിച്ച് ഞാൻ ഇനി കൂടുതലൊന്നും സംസാരിക്കുന്നില്ല. ഓടുന്ന ബസിൽ ചാടിക്കയറുന്നതുപോലെ പ്രസംഗിക്കാൻ വലിയ ബുദ്ധിമുട്ടാണ്. പിന്നെ മറ്റൊന്ന് ഓരോ സന്ദർഭത്തിലായി നോക്കിയാൽ ഈ ബഡ്ജറ്റിന്റെ സ്വഭാവം, വിശേഷിച്ച് ജനങ്ങൾക്ക് പ്രയോജനമുള്ള ഒരു കാര്യത്തിലും പണം കണ്ടെത്താൻ കഴിയാത്ത ഒരവസ്ഥയാണ്. ഇപ്പോൾ എല്ലാവരും പുകഴ്ത്തിയല്ലോ, ഈ ബഡ്ജറ്റ് എന്തോ ഗംഭീരമാണ്, വികസന പ്രവർത്തനം ശക്തിപ്പെടുത്തണമെന്നൊക്കെ. പൊതുമരാമത്തിന്റെ കാര്യമെടുക്കാം, 2001-2002-ലെ ബഡ്ജറ്റിൽ പാലങ്ങൾക്കും റോഡുകൾക്കും വേണ്ടി 136.71 കോടിരൂപയാണ് വകയിരുത്തിയത്. മറ്റു പദ്ധതികൾക്കായി 309 കോടി രൂപയും വകയിരുത്തി. K.S.T.P.-ക്ക് 27.75 കോടി രൂപ അങ്ങനെ ആകെ 573.95 കോടി രൂപയാണ് അന്നത്തെ ബഡ്ജറ്റിൽ വകയിരുത്തിയത്, അതിന്റെ പ്രവർത്തനം നടന്നത്. 2003-2004 ആയപ്പോൾ അത് ഏതാണ്ട് 428.87 കോടി രൂപയായി ചുരുങ്ങി. ഇപ്പോഴത്തെ അവസ്ഥ പരമ ദയനീയമാണ്. K.S.T.P. എന്നുപറയുന്ന സ്ഥാപനത്തിന് ലോകബാങ്കിന്റെ പണമായ 200 കോടി രൂപയൊഴിച്ചാൽ ബാക്കി വെറും 39.8 കോടി രൂപ മാത്രമാണ്. അതുപോലെ ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരുടെ ആരോഗ്യ രക്ഷയ്ക്കുവേണ്ടി ആരോഗ്യ സുരക്ഷാ പദ്ധതി പ്രഖ്യാപിച്ചിട്ട് ഇന്നേവരെ അതു നടന്നില്ല. പദ്ധതി നിർവ്വഹിക്കുകയോ പണം വകയിരുത്തുകയോ ചെയ്തിട്ടില്ല. സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരില്ല, മരുന്നില്ല, ഉപകരണങ്ങളില്ല. അതുപോലെ ആദിവാസി ഇൻഷ്വറൻസ് പദ്ധതി വെറും ഏട്ടിൽ മാത്രമായിരിക്കുകയാണ്. ഇന്ന് നമ്മുടെ ബഹുമാനപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമവകുപ്പുമന്ത്രി പറഞ്ഞ ഒരു മറുപടിയുണ്ട്, കഴിഞ്ഞ ബഡ്ജറ്റിൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്കുവേണ്ടി 10 കോടി രൂപ നീക്കിവച്ചു, ഒരു പൈസ ചെലവഴിച്ചിട്ടില്ല. വിദ്യാഭ്യാസം മെച്ചപ്പെടുത്താൻവേണ്ടി 5 കോടി രൂപ മാറ്റിവച്ചു, അതും ചെലവഴിച്ചിട്ടില്ല. വീട്, കുടിവെള്ളം ഇവയ്ക്കുവേണ്ടി നീക്കിവച്ച 10 കോടി രൂപയും നൽകിയിട്ടില്ല. കൃഷിക്ക് ഏർപ്പെടുത്തിയ Coconut Technology Mission ഇതുവരെ പ്രാവർത്തികമായിട്ടില്ല. കാർഷിക വ്യാപാര പ്രവർത്തനങ്ങളിൽ കൃഷിക്കാരെ സഹായിക്കാൻ Virtual University സ്ഥാപിക്കുമെന്നുപറഞ്ഞു, അത് ഇതുവരെ നടന്നിട്ടില്ല. പിന്നെ കടബാധ്യത അടച്ചുതീർക്കാൻവേണ്ടി ഒരു സ്ഥിരം നിധി പ്രഖ്യാപിച്ച് കമ്പോള വായ്പയുടെ 1.5% തുക നീക്കിവയ്ക്കുമെന്നു പറഞ്ഞു, അത് നടന്നിട്ടില്ല. നമുക്ക് സാംസ്ക്കാരിക സ്ഥാപനങ്ങൾ കൂട്ടിയോജിപ്പിച്ചുകൊണ്ട് ഒരു സാംസ്ക്കാരിക ഡയറക്ടറേറ്റ് രൂപീകരിക്കണം. അതുപോലെ അത് പഠിച്ച്

റിപ്പോർട്ട് തയ്യാറാക്കാൻ ഒരു സീനിയർ ഐ.എ.എസ്. ഉദ്യോഗസ്ഥനെ കമ്മിഷണറായി നിയമിക്കണം. പിരപ്പൻകോട് അന്താരാഷ്ട്ര നീന്തൽ സമുച്ചയത്തിന്റെ പണി അടിയന്തിരമായി പൂർത്തിയാക്കണം. കെ.എസ്.ആർ.ടി.സി.-ക്കും കെ.എസ്.ഇ.ബി.-ക്കും ബഡ്ജറ്റ് സപ്പോർട്ട് നൽകണം. അല്ലെങ്കിൽ ഈ ബഡ്ജറ്റും തെരഞ്ഞെടുപ്പും കഴിഞ്ഞാൽ അമിതമായ ചാർജ്ജ് അവർക്ക് ഈടാക്കേണ്ടിവരും, ജനങ്ങളെ അത് ബാധിക്കും. അതുകൊണ്ട് ഇതെല്ലാം പരിഗണിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനവിനിയോഗ ബില്ലിനെ ശക്തിയായി ഒരിക്കൽക്കൂടി എതിർക്കുന്നു.

<u>ശ്രീ. തമ്പാനൂർ രവി:</u> സർ, ഞാൻ ഈ ധനവിനിയോഗ ബില്ലുകളെ അനുകൂലിക്കുകയാണ്. 2004 ഏപ്രിൽ മുതൽ ജൂലൈവരെയുള്ള നാലുമാസക്കാലത്തിനുള്ളിലെ Vote on Account-ന്റെ ഭാഗമായുള്ള ചെലവുകൾക്ക് അംഗീകാരം നൽകാനുള്ള ഒരു ബില്ലാണിത്. ഈ ധനവിനിയോഗ ബിൽ ഈ സഭയിൽ അവതരിപ്പിച്ച ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയേയും യു.ഡി.എഫ്. ഗവൺമെന്റിനേയും ഞാൻ അഭിനന്ദിക്കുകയാണ്. ഏറ്റവും മോശമായ സാമ്പത്തിക സ്ഥിതിയുണ്ടായിരുന്ന ഒരു സംസ്ഥാനത്ത് രണ്ടര വർഷക്കാലംകൊണ്ട് വഴിതെറ്റിപ്പോയ സാമ്പത്തികസ്ഥിതി നേരെയാക്കാൻ ശ്രമിച്ചു എന്നുമാത്രമല്ല, ഒരു ധനകാര്യ വൈദഗ്ദ്ധ്യ മാനേജ്മെന്റ്, ധനകാര്യ അച്ചടക്കം പാലിച്ചുകൊണ്ട് ഇതിനെ നല്ലൊരു ട്രാക്കിലേയ്ക്ക് യു.ഡി.എഫ്. ഗവൺമെന്റ് നയിക്കുകയാണ്. ഇവിടെ ചർച്ച തുടങ്ങിയപ്പോൾ എന്റെ സുഹൃത്ത് ശ്രീ.പിരപ്പൻകോട് മുരളി പലതും പറഞ്ഞു. നിങ്ങൾക്ക് അപ്പുറത്തിരിക്കുന്നവർക്കേ ഇങ്ങനെ പറയാൻ പറ്റുകയുള്ളൂ, പക്ഷേ നെഞ്ചിൽ കൈവച്ചുകൊണ്ട് ആത്മാർത്ഥമായി.....

<u>ശ്രീ. പിരപ്പൻകോട് മുരളി:</u> സർ, ഞാൻ ബഡ്ജറ്റിൽ ഒതുങ്ങിനിന്നുമാത്രമേ സംസാരിച്ചിട്ടുള്ളൂ.

<u>ശ്രീ. തമ്പാനൂർ രവി:</u> സർ, ഞാനും അതേ പറയുന്നുള്ളൂ, ബഡ്ജറ്റിനെ കുറിച്ച് പറഞ്ഞ കാര്യങ്ങളിൽ അല്പം രാഷ്ട്രീയം അങ്ങ് കണ്ടു. മറ്റൊന്ന് യാഥാർത്ഥ്യബോധത്തോടുകൂടി അങ്ങ് ഇതിനെ സമീപിച്ചിട്ടില്ല. ഈ പരിമിതമായ സാഹചര്യത്തിൽ ഈ ഗവൺമെന്റ് ചെയ്ത കാര്യം ഞാൻ പറഞ്ഞു, voted ഇനത്തിൽ 53,42,60,11,000 രൂപയും charged ഇനത്തിൽ 32,95,25,98,000 രൂപയുമുൾപ്പെടെ ആകെ 86,37,86,09,000 രൂപയുടെ ധനവിനിയോഗ ബില്ലാണ് ഇവിടെ അവതരിപ്പിച്ചത്. ഈ ഗവൺമെന്റ് ചരിത്രത്തിലാദ്യമായി ഒരു Full Budget അവതരിപ്പിച്ചു പാസ്സാക്കാൻ തീരുമാനിച്ചതാണ്. പക്ഷേ നിർഭാഗ്യവശാൽ കേന്ദ്ര ഗവൺമെന്റ് പാർലമെന്റ് പിരിച്ചുവിടുന്ന ഘട്ടത്തിലെത്തി. അവിടെ ഇലക്ഷൻ നേരത്തേ പ്രഖ്യാപിച്ചു, അതുപോലെതന്നെ അവിടേയും Vote on Account

LIBRARY ARCHIVES Kerala Legislative Assembly

ആണ്. ആ സാഹചര്യത്തിലാണ് ഇവിടെ Full Budget അവതരിപ്പിക്കുക എന്ന ഈ ഗവൺമെന്റിന്റെ നല്ലകാര്യം മാറ്റിവച്ചിട്ട് Vote on Account-ലേയ്ക്ക് വരേണ്ടിവന്നത്. കേന്ദ്രം അവിടെ അവതരിപ്പിച്ച ബഡ്ജറ്റിൽ അവർ ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചത് തെക്കെ ഇന്ത്യയിൽ തമിഴ്നാടിനും ആന്ധ്രാപ്രദേശിനും മാത്രമാണ്. പുതിയ റെയിൽവെ ബഡ്ജറ്റിൽ നമുക്ക് പുതിയ വണ്ടിയോ റയിൽവെ ലൈൻ ഇരട്ടിപ്പിക്കലോ ഒന്നുമില്ല. കേരളം എന്ന സംസ്ഥാനത്തെ പാടെ മറന്നിരിക്കുകയാണ്. അതുപോലെ ബഡജ്റ്റിൽ പറഞ്ഞ കാര്യങ്ങൾ, അതെല്ലാം ചീപ്പ് പോപ്പുലാരിറ്റിക്കുവേണ്ടി, തെരഞ്ഞെടുപ്പിനെ മുന്നിൽ കണ്ടുകൊണ്ട് വോട്ടു നേടാനുള്ള ഒരു അടവായിട്ടല്ലാതെ അതിൽ മറ്റൊന്നുമുള്ളതായി എനിക്കു തോന്നിയിട്ടില്ല. വിദേശനാണ്യം വൻതോതിൽ നേടിത്തരുന്ന ഒരു സംസ്ഥാനമാണ് കേരളം. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വിദേശനാണ്യം നേടിത്തരുന്ന ഒരു സംസ്ഥാനമെന്നുള്ള പരിഗണനപോലും കേരളത്തിന് ഈ ബഡ്ജറ്റ് അവതരിപ്പിച്ച വേളയിൽ അവർ നൽകിയിട്ടില്ല. മാത്രവുമല്ല കേരളത്തെപ്പോലെ സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന സംസ്ഥാനങ്ങൾക്ക് വമ്പിച്ച ബാധ്യതയാണ് കേന്ദ്ര ഗവൺമെന്റിന്റെ ഈ പ്രഖ്യാപനംമൂലം ഏറ്റെടുക്കേണ്ടി വന്നിട്ടുള്ളത്. ഈ ബഡ്ജറ്റ് കാരണം, വരാൻ പോകുന്ന വർഷത്തിൽ കടുത്ത സാമ്പത്തിക സമ്മർദ്ദത്തിലേയ്ക്ക് നമ്മുടെ സംസ്ഥാനത്തിന് കടന്നുപോകേണ്ടി വരും. ഉദാഹരണത്തിന് കേന്ദ്ര ഗവൺമെന്റ് ജീവനക്കാർക്ക് 50 ശതമാനം ഡി.എ. അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിക്കാനുള്ള തീരുമാനമുണ്ടായി. കേരളത്തെപ്പോലെയുള്ള ഒരു സംസ്ഥാനത്തിന് എവിടെ നിന്നാണ് ഈ തുക കൊടുക്കാൻ കഴിയുക? ആ ഡി.എ. നമ്മൾ കൊടുക്കണമെങ്കിൽ, അധിക ബാദ്ധ്യത കേന്ദ്ര ഗവൺമെന്റ് നമുക്ക് തരേണ്ടി വരും. അതിനാവശ്യമായ സമ്മർദ്ദം നാം കേന്ദ്രത്തിൽ ചെലുത്തണം. 2002-03-ൽ റവന്യൂ വരുമാനമെന്നു പറയുന്നത് 10,633 കോടി രൂപയാണ്. ചെലവ് 10,024 കോടി രൂപയാണ്. ശമ്പളമിനത്തിൽ മാത്രം 4,698 കോടി രൂപ കൊടുക്കണം. പലിശ 2,945 കോടി രൂപ. പെൻഷൻ 2,282 കോടി രൂപ. 2000-03-ലെ റവന്യൂ വരുമാനം എടുക്കുമ്പോൾ, ആ വരുമാനത്തിന്റെ 94.32 ശതമാനം പെൻഷനും ശമ്പളത്തിനും പലിശയ്ക്കും കൊടുക്കേണ്ടി വരുന്ന ഒരു സ്ഥിതിയിലാണ് കേരളം എത്തിനിൽക്കുന്നത്. അങ്ങനെയുള്ള കേരളത്തിൽ ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച 50 ശതമാനം ഡി.എ., അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിക്കുക എന്നു പറഞ്ഞാൽ, വരാൻ പോകുന്ന വർഷങ്ങളിലേയ്ക്കുള്ള നമ്മുടെ എല്ലാ കണക്കുകൂട്ടലുകളേയും തെറ്റിപ്പിച്ചുകൊണ്ട് വലിയൊരു സാമ്പത്തിക കടത്തിലേയ്ക്ക് നാം എത്തപ്പെടുകയാണ് ചെയ്യാൻ പോകുന്നത്. ഈ ഡി.എ. കൊടുക്കേണ്ടി വന്നാൽ, നാം കടം വാങ്ങി ശമ്പളം കൊടുക്കേണ്ട ഗതികേടിലാകും. കേന്ദ്രം ചെയ്യുന്നത് എന്താണ്? ഇന്നലെ പത്രത്തിൽ വലിയൊരു പരസ്യം കണ്ടു "ഭാരതം തുടങ്ങുന്നു" ബി.ജെ.പി.-യുടെ പരസ്യമാണ്. നാലരവർഷക്കാലം ഇന്ത്യ ഭരിച്ച ഇവരുടെ പരസ്യമാണ്. 50 വർഷക്കാലത്തിലേറെ ഇന്ത്യ ഭരിച്ച,

LIBRARY ARCHIVES Kerala Legislative Assembly

ജവഹർലാൽ നെഹ്റുവും ഇന്ദിരാഗാന്ധിയും രാജീവ് ഗാന്ധിയുമൊക്കെ ഉൾക്കൊള്ളുന്ന ഇന്റർനാഷണൽ കോൺഗ്രസ്സ്, ഇന്ത്യയുടെ പ്രധാനമന്ത്രിമാർ, ഇന്ത്യയുടെ അടിസ്ഥാനവികസന രംഗത്ത്, ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റിൽ, അതു കാർഷികരംഗത്തായാലും ഏതു രംഗത്തായാലും ഇന്ത്യയിൽ ഇന്നു കാണുന്ന എല്ലാ നേട്ടങ്ങൾക്കും കാരണം 50 വർഷക്കാലത്തെ കോൺഗ്രസ്സിന്റെ ഭരണമാണ്. അതു മറന്നുകൊണ്ടാണ് ബി.ജെ.പി. ഇന്നു തിളങ്ങുന്ന പരസ്യവുമായി രംഗത്തു വന്നിരിക്കുന്നത്. മൊബൈൽ ടെലഫോണിനെക്കുറിച്ച് അവർ പറയുന്നുണ്ട്. നമുക്കറിയാം, രാജീവ് ഗാന്ധി പ്രധാനമന്ത്രിയായിരുന്ന സമയത്ത് സാം ബ്രിട്ടോ കൊണ്ടു വന്ന പരിഷ്ക്കാരമായിരുന്നു എല്ലാ ഗ്രാമങ്ങളിലും ടെലഫോൺ എന്നത്. ഇതിനെല്ലാം തുടക്കമിട്ടത് കോൺഗ്രസ്സുകാരാണ്. പക്ഷേ നിർഭാഗ്യവശാൽ തെരഞ്ഞെടുപ്പു വന്നപ്പോൾ ഇക്കാര്യങ്ങൾക്കെല്ലാം അവകാശവാദങ്ങൾ ബി.ജെ.പി പരസ്യമായി ഉന്നയിക്കുന്നുവെന്നല്ലാതെ ഇക്കാര്യത്തിൽ ആത്മാർത്ഥമായ ഒരു ശ്രമവും അവർ നടത്തിയിട്ടില്ല. 2001-02-ൽ നമ്മുടെ റവന്യൂ കളക്ഷൻ എന്നു പറയുന്നത്, 6529.34 കോടി രൂപയാണ്. 2002-03-ലെ കണക്കനുസരിച്ച് അതു 7980.30 കോടി രൂപയായി ഉയർന്നു. ഒരു വർഷക്കാലം കൊണ്ടുണ്ടായ വർദ്ധനവ് 1450 കോടി രൂപയാണ്. ഒരു വിദഗ്ദ്ധ ഫൈനാൻഷ്യൽ മാനേജ്മെന്റ് എക്സ്പെർട്സിന്റെ സമീപനം ഈ രംഗത്തില്ലെങ്കിൽ നമുക്ക് ഇതിനു കഴിയുമായിരുന്നോ? നികുതി പിരിവിൽ ശതമാനമുണ്ട്. അതിന്റെ ചെലവ് നിങ്ങളുടെ കാലത്ത് 6.79 ശതമാനമായിരുന്നു. അതു ഈ ഗവൺമെന്റ് 4.25 ശതമാനമായി കുറച്ചുകൊണ്ടു വന്നിരിക്കുകയാണ്. ഇന്നു നികുതി പിരിവ് വർദ്ധിക്കുന്നു. അതോടൊപ്പം ആ നികുതി പിരിക്കുന്നതിന്റെ ചെലവിന്റെ ശതമാനവും കുറച്ചു കൊണ്ടുവരുവാൻ ഈ ഗവൺമെന്റിനു സാധിച്ചിട്ടുണ്ട്. അപ്പുറത്തു നിന്നും പ്രസംഗിച്ച ആളുകൾ പറഞ്ഞ കണക്കുകൾ എന്റെ മുമ്പിലുണ്ട്. ബഹുമാന്യനായ ഡോ. തോമസ് ഐസക്കും ഇവിടെ ഇരിപ്പുണ്ട്. നമ്മുടെ ഖജനാവിലെ നികുതി വരുമാനത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. ചെക്ക്പോസ്റ്റിലൂടെയുള്ള വരുമാനമെത്രയാണ്? 2001 ഡിസംബറിൽ 31 ചെക്ക്പോസ്റ്റുകളിലൂടെയുള്ള വരുമാനമെന്നു പറയുന്നത് 16.31 കോടി രൂപയാണ്. 2003 ഡിസംബർ ആയപ്പോൾ ഈ ചെക്ക്പോസ്റ്റിലൂടെയുള്ള വരുമാനം 64.24 കോടി രൂപയായി മാറിയിരിക്കുന്നു. റവന്യൂ വരുമാനവും റവന്യൂ കമ്മിയും തമ്മിലുള്ള റേഷ്യോ 45.6 ശതമാനാണ്. നിങ്ങളുടെ കാലത്ത് അത് 20.77 ശതമാനമായിരുന്നു. എ.ജി.-യുടെ കണക്കു പ്രകാരം മൊത്തം പദ്ധതി ചെലവിൽ 2000-01-ൽ 2521.51 കോടി രൂപയാണ് നിങ്ങൾ ചെലവഴിച്ചത്. ഒരു വർഷത്തിനുശേഷം ഞങ്ങൾ അധികാരം ഏറ്റെടുത്തപ്പോൾ, 2002-03-ൽ ഞങ്ങൾ ചെലവഴിച്ചത് 3732.91 കോടി രൂപയാണ്. ഈ സർക്കാർ 2003-04 സാമ്പത്തിക വർഷത്തിലെ പദ്ധതി പ്രവർത്തനങ്ങൾക്ക് 9500 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. നിങ്ങളുടെ കാലത്ത് 2000-01-ൽ 213 ദിവസമാണ് ഓവർഡ്രാഫ്ട് എടുക്കേണ്ടി വന്നത്. 2002-03-ൽ ഓവർഡ്രാഫ്ടിന്റെ എണ്ണം 190 ആയി കുറച്ചു കൊണ്ടു വരാൻ നമുക്കു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞിട്ടുണ്ട്. അതുപോലെ തന്നെ 2000-01-ൽ കടങ്ങൾക്ക് പലിശയിനത്തിൽ 2257.60 കോടി രൂപ കൊടുത്തപ്പോൾ, നിങ്ങൾ വരുത്തിവച്ച കടത്തിനു ഞങ്ങൾ കൊടുക്കേണ്ടി വന്നത് 2946.77 കോടി രൂപയാണ്. സംസ്ഥാനത്തിന്റെ ശരാശരി പലിശ നിരക്ക് 11.87 ശതമാനമായി പിടിച്ചുനിർത്താൻ ഈ ഗവൺമെന്റിനു കഴിഞ്ഞിരിക്കുന്നു. വളരെ വ്യക്തമായ, കാര്യമാത്ര പ്രസക്തമായ ചില മാറ്റങ്ങൾ ഈ സാമ്പത്തിക രംഗത്ത് വരുത്തുവാൻ കഴിഞ്ഞു എന്നുള്ള ഒരു യാഥാർത്ഥ്യം നമ്മുടെ മുമ്പിലുണ്ട്. നമ്മുടെ പ്രധാന വരുമാനമെന്താണ്? ടാക്സ് കളക്ഷനാണ്. സെയിൽസ് ടാക്സാണ്. ഇവിടെ ഒരു കാര്യം ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ട്. ടാക്സ് കളക്ഷനുള്ള സാധ്യതാപഠനം നടത്താനായിട്ട് 15 ലക്ഷം രൂപ വച്ചിട്ടുണ്ടെന്നു പറഞ്ഞു. ആ സാധ്യതാപഠനം യാഥാർത്ഥ്യമാക്കിക്കൊണ്ട്, സമയബന്ധിതമായി പൂർത്തിയാക്കിക്കൊണ്ട്, ഇനിയും ടാക്സ് ലഭിക്കാത്ത മേഖല ഏതെന്നു കണ്ടുപിടിച്ചുകൊണ്ട്, ടാക്സ് വെട്ടിപ്പ് എവിടെ നിൽക്കുന്നു എന്നു കണ്ടുപിടിച്ചുകൊണ്ട് ശാസ്ത്രീയമായ ഒരു സമീപനം സ്വീകരിച്ചുകൊണ്ട് നമുക്ക് നീങ്ങേണ്ടിയിരിക്കുന്നു. ധാരാളം പുതിയ കമ്മോഡിറ്റീസ് മാർക്കറ്റിൽ വരികയാണ്. അലംഭാവം മൂലമോ സമീപനത്തിലുള്ള തകരാറു മൂലമോ പുതിയ കമ്മോഡിറ്റീസിനൊന്നും നമുക്ക് ടാക്സ് സ്ഥിരപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഇനി കേരളം രക്ഷപ്പെടണമെങ്കിൽ ടാക്സ് കളക്ഷനിൽ ശുഷ്ക്കാന്തി കാണിക്കണം. ഈ ഗവൺമെന്റ് ഒരുപാടു കാര്യങ്ങൾ ചെയ്തിട്ടുണ്ട്. അതിനു ഞാൻ ഈ ഗവൺമെന്റിനെ അഭിനന്ദിക്കുകയാണ്. റിക്കോർഡ് കളക്ഷനാണെങ്കിലും ഇപ്പോഴും ടാക്സ് വെട്ടിക്കുന്ന ധാരാളം കമ്മോഡിറ്റീസ് മാർക്കറ്റിൽ വരുന്നുണ്ട്. ആ രംഗത്തും ടാക്സ് കളക്ടു ചെയ്യാനുള്ള ഒരു സംവിധാനം കൂടി ഗവൺമെന്റ് ചെയ്യണം. ചെക്കുപോസ്റ്റുകളെക്കുറിച്ച് ഇവിടെ ആരെല്ലാം പ്രസംഗിച്ചതാണ്. കേരളത്തിലെ ചെക്കുപോസ്റ്റുകൾ കുറച്ചുകൂടി ഇഫക്ടീവാക്കണം. ഈ ഗവൺമെന്റിന്റെ കാലത്ത് ചെക്കുപോസ്റ്റുകളിലൂടെയുള്ള വരുമാനം വർദ്ധിച്ചിട്ടുണ്ട്. ഗവൺമെന്റിന്റെ വരുമാനച്ചോർച്ചയുടെ ഒരു പ്രധാന ഘടകം ഈ ചെക്ക്പോസ്റ്റുകളാണ്. അതു ശാസ്ത്രീയമായി പരിഷ്ക്കരിക്കാൻ അഡീഷണൽ സ്റ്റാഫിനെ കൊടുക്കണം. അവിടത്തെ ജീവനക്കാർക്ക് പ്രൊട്ടക്ഷൻ കൊടുക്കണം. നമ്മുടെ വരുമാനത്തിന്റെ ഏതാണ്ട് 25 ശതമാനം ചെക്ക്പോസ്റ്റുകളിലൂടെ നേടാനുള്ള സംവിധാനം കേരളത്തിലുണ്ട്. ചെക്ക്പോസ്റ്റുകളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചാൽ മതി നമ്മുടെ സാമ്പത്തിക പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ പരിഹാരം കണ്ടെത്താനാകും. അതിനു മുന്തിയ പരിഗണന ധനകാര്യമന്ത്രിയും ഈ ഗവൺമെന്റും നൽകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ കുറച്ചുകൂടി നമ്മൾ ചെലവു ചുരുക്കണം. വാഹനങ്ങളുടെ ഓട്ടത്തിലും കുറച്ചു നിയന്ത്രണങ്ങൾ ഉണ്ടാകണം. യാത്രകളിൽ കുറച്ചു നിയന്ത്രണം ഉണ്ടാകണം. സമാന സ്വഭാവമുള്ള പബ്ളിക് സെക്ടർ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് ഇവിടെയുണ്ടാകുന്ന അനിയന്ത്രിതമായ ചെലവുകൾ

നിയന്ത്രിക്കുന്നതിനുള്ള ഒരു പ്രത്യേക സംവിധാനം ആവശ്യമാണ്. എല്ലാവരും സാമ്പത്തിക അച്ചടക്കം പാലിക്കുവാൻ ബാധ്യസ്ഥരാണ്. കേന്ദ്രഗവൺമെന്റിന്റെ ഈ ബഡ്ജറ്റും 50 ശതമാനം ഡി.എ.-യുടെ അധികബാധ്യതയും കൂടി നമ്മൾ ഏറ്റെടുക്കുമ്പോൾ ഇന്ത്യയിൽത്തന്നെ ഏറ്റവും വലിയ കടക്കെണിയിലേക്കു പോകുന്ന ഒരു സംസ്ഥാനമായി കേരളം മാറും. ഇതിൽ നിന്നും രക്ഷനേടാൻ വളരെ ശക്തമായ നടപടിയാണ് യു.ഡി.എഫ്. ഗവൺമെന്റും ധനകാര്യമന്ത്രിയും സ്വീകരിക്കുന്നതെന്ന് ഞങ്ങൾക്കറിയാം. അതിൽ യാതൊരു സംശയവുമില്ല. കഴിഞ്ഞ രണ്ടര വർഷക്കാലത്തെ കേരളത്തിന്റെ സാമ്പത്തിക സ്ഥിതി പരിശോധിച്ചു നോക്കുമ്പോൾ പ്രഗൽഭനായ ഒരു ധനകാര്യമന്ത്രി വളരെ അവധാനതയോടുകൂടി, വളരെ കാര്യക്ഷമമായി ഈ രംഗത്തു പ്രവർത്തിച്ചതുകൊണ്ടാണ് ഇത്രയും നേട്ടങ്ങളൊക്കെ നമുക്കുണ്ടാക്കാൻ കഴിഞ്ഞത് എന്നു മനസ്സിലാക്കാൻ സാധിക്കും. യാതൊരു സംശയവുമില്ല ഏറ്റവും നല്ല ധനകാര്യമാനേജുമെന്റാണ് കഴിഞ്ഞ രണ്ടര വർഷക്കാലത്തെ നമ്മുടെ ഫൈനാൻഷ്യൽ മാനേജുമെന്റ്. വലിയ ബഹളമൊന്നും നമ്മുടെ ധനകാര്യമന്ത്രി കാണിക്കുന്നില്ലെങ്കിലും മൊത്തത്തിൽ നമ്മുടെ സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ ഏറ്റവും നല്ല പ്രവർത്തനവുമായിട്ടാണ് നമ്മുടെ ധനകാര്യമന്ത്രി മുന്നോട്ടുപോകുന്നത്. ഞാൻ ഈ പറഞ്ഞ കാര്യങ്ങളിൽ കുറെക്കൂടി കർക്കശമായ നിലപാടു സ്വീകരിച്ചുകൊണ്ട് നമുക്കു മുന്നോട്ടു പോകാൻ കഴിയണം. എനിക്കു പറയാനുള്ള മറ്റൊരു കാര്യം കെ.എസ്.ആർ.ടി.സി.-യെക്കുറിച്ചാണ്. നമ്മുടെ കെ.എസ്.ആർ.ടി.സി. ഒരു പബ്ലിക് സെക്ടർ പബ്ലിക് യൂട്ടിലിറ്റിയാണ്. ഈ ബഡ്ജറ്റിൽ ഒരു രൂപപോലും ബഡ്ജറ്ററി പ്രൊവിഷൻ കൊടുത്തിട്ടില്ല. ശ്രീ. കെ. ബി. ഗണേഷ് കുമാറും അതിനെക്കുറിച്ചു സംസാരിക്കുകയുണ്ടായി. ഒരു പബ്ലിക് സെക്ടർ പബ്ലിക് യൂട്ടിലിറ്റി എന്നുള്ള നിലയ്ക്ക് ബഡ്ജറ്ററി പ്രൊവിഷൻ കെ.എസ്.ആർ.ടി.സി.-ക്ക് കൊടുക്കണം. അതിനുള്ള പ്രഖ്യാപനം അങ്ങ് ഇന്നിവിടെ നടത്തണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. അല്ലെങ്കിൽ ആ പ്രസ്ഥാനം തകർന്നുപോകും. ജനങ്ങൾക്ക് യാത്രാസൗകര്യങ്ങൾ ചെയ്തുകൊടുക്കേണ്ടത് ഗവൺമെന്റിന്റെ ബാദ്ധ്യതയാണ്. ഇലക്ട്രിസിറ്റി ബോർഡിനുവേണ്ടി 1500 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിക്കും ആവശ്യമായ ഫണ്ട് നീക്കിവച്ചിട്ടുണ്ട്. അങ്ങനെ വിവിധ മേഖലകൾക്ക് ബഡ്ജറ്ററി സപ്പോർട്ടു കൊടുക്കുമ്പോൾ ഒരു രൂപപോലും കെ.എസ്.ആർ.ടി.സി.-ക്ക് കൊടുക്കാത്തത് കുറ്റകരമായ അനാസ്ഥയാണ്. അതു പ്രത്യേകം ശ്രദ്ധിക്കണം. കെ.എസ്.ആർ.ടി.സി.-ക്ക് അടിയന്തിരമായി ബഡ്ജറ്ററി പ്രൊവിഷൻ കൊടുക്കാനുള്ള സംവിധാനം ഉണ്ടാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. വ്യക്തമായ രീതിയിലുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് മുന്നോട്ടു പോകുന്ന ഈ ഗവൺമെന്റിനെ ഞാൻ ഒരിക്കൽക്കൂടി അഭിനന്ദിക്കുന്നു. കേരള ധനവിനിയോഗ വോട്ട് ഓൺ അക്കൗണ്ട് ബില്ലിനെ ഞാൻ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ധനവിനിയോഗ ബില്ലുകളേയും വോട്ട് ഓൺ അക്കൗണ്ടിനേയും അനുകൂലിക്കുകയാണ്. ശ്രീ. തമ്പാനൂർ രവി ഇവിടെ പ്രസംഗിച്ചതുപോലെ നല്ലൊരു ധനകാര്യ മാനേജുമെന്റാണ് നമ്മുടെ പ്രഗൽഭനായ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പ്രകടിപ്പിച്ചിട്ടുള്ളത്. കഴിഞ്ഞ വർഷങ്ങളിൽ പിരിച്ചെടുക്കാനുള്ള നികുതി കുടിശ്ശികകൾ കർശനമായി പിരിച്ചെടുക്കാനുള്ള നടപടികൾ ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായി. കഴിഞ്ഞ വർഷം 448 കോടി രൂപയാണ് കുടിശ്ശികയായി പിരിച്ചെടുക്കാൻ സാധിച്ചത്. നടപ്പു സാമ്പത്തിക വർഷം 500 കോടി രൂപ പിരിച്ചെടുക്കാൻ സാധിക്കുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. കഴിഞ്ഞയാഴ്ച നടന്ന കളക്ടർമാരുടെ സമ്മേളനത്തിൽ പിരിച്ചെടുക്കാനുള്ള സംഖ്യ പിരിച്ചെടുക്കുന്ന കാര്യത്തിൽ യാതൊരു അലംഭാവവും കാണിക്കാൻ പാടില്ലെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി കളക്ടർമാർക്ക് കർശനമായ നിർദ്ദേശം കൊടുത്തിരിക്കുകയാണ്. സാധാരണ കുടിശ്ശിക വരുത്തിയിട്ടുള്ള ഇനങ്ങളിലും, ഗവൺമെന്റിന് കൊടുക്കാനുള്ള പൈസ കൊടുക്കാതിരിക്കാൻ വേണ്ടി കോടതികളെ സമീപിച്ച് വാങ്ങിയിട്ടുള്ള സ്റ്റേകൾ വെക്കേറ്റ് ചെയ്യാൻ ഗവൺമെന്റിന്റെ ഭാഗത്തു നിന്നും കർശനമായ നടപടിയുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കളക്ടർമാരോട് ആവശ്യപ്പെട്ടിരിക്കുകയാണ്. തൊഴിലില്ലാത്ത ചെറുപ്പക്കാർക്കു വേണ്ടി കുടുംബശ്രീയുടെ അയ്യായിരം യൂണിറ്റുകൾ വഴി നടപ്പാക്കിക്കൊണ്ടിരിക്കുന്ന തൊഴിൽദാന പദ്ധതി വളരെ നന്നായി നടക്കുന്ന ഒരു സംസ്ഥാനമാണ് നമ്മുടേത്. ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുടുംബശ്രീ പദ്ധതി വളരെ നന്നായി നടക്കുന്ന ഒരു സംസ്ഥാനമാണ് നമ്മുടെ സംസ്ഥാനം. മട്ടാഞ്ചേരി പഞ്ചായത്തിൽ ഒരു പ്രത്യേക പദ്ധതി കുടുംബശ്രീ പദ്ധതിയുടെ ആഭിമുഖ്യത്തിൽ നടപ്പാക്കുമെന്ന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ഫ്ളോറിൽ സമ്മതിച്ചിട്ടുണ്ടായിരുന്നു. അതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. Poverty Alleviation Programme for Mattanchery, (P.A.M.) എന്ന ചുരുക്കപ്പേരിലുള്ള ആ പദ്ധതി പെട്ടെന്ന് നടപ്പാക്കാനുള്ള എല്ലാ നടപടിയും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഏറ്റവും കൂടുതൽ ദരിദ്രരും തൊഴിൽരഹിതരായ ചെറുപ്പക്കാരുമുള്ള ഒരു സിറ്റിയെന്ന നിലയിൽ, ഏറ്റവും കഷ്ടപ്പെടുന്ന ജനവിഭാഗങ്ങളുള്ള ഒരു പ്രദേശമെന്ന നിലയിൽ, ഈ ഗവൺമെന്റ് ചെയ്യുന്ന ഒരു നീതിയെന്ന നിലയിൽ ഈ P.A.M. പദ്ധതി നടപ്പിലാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളമുള്ള ഒരു ഡ്രീം പ്രോജക്ടാണ് കഴിഞ്ഞ മന്ത്രിസഭ അംഗീകാരം നൽകിയ 7,000 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന എക്സ്പ്രസ് ഹൈവെ. ഇതിനിടയിൽ ഇതിന്റെ പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകാതിരിക്കാൻ ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. വലിയ പ്രോജക്ടുകളുണ്ടാകുമ്പോൾ ഉദാഹരണത്തിന് കായംകുളം പ്രോജക്ടും ഉദ്യോഗമണ്ഡലിലെ പെട്രോ കെമിക്കൽ ഡിവിഷനുമെല്ലാമുണ്ടായ അവസരത്തിൽ അവിടെ സംസ്ഥാന ഗവൺമെന്റ്

രൂപീകരിച്ചിട്ടുള്ളതുപോലുള്ള Industrial Relation Committee (I.R.C.) പോലുള്ള ഒരു സമിതി ഈ സംസ്ഥാനത്തൊട്ടാകെ മേഖല തിരിച്ച് ഉണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അങ്ങനെയുള്ള സമിതിക്ക് സ്ഥലമെടുപ്പും അതുപോലെ നിർമ്മാണ സമയത്തുണ്ടാകുന്ന തൊഴിൽ തർക്കങ്ങളുൾപ്പെടെയുള്ള കാര്യങ്ങളും പരിഹരിക്കാൻ സാധിക്കണം. I. R. C. പോലുള്ള ഒരു സമിതിക്ക് രൂപം നൽകുന്നതോടൊപ്പം തന്നെ യു.ഡി.എഫ്. പ്രകടന പത്രികയിലുണ്ടായിരുന്ന തീരദേശ അതോറിറ്റിയും മലയോര അതോറിറ്റിയും യാഥാർത്ഥ്യമാക്കണം. അതുസംബന്ധിച്ച് കഴിഞ്ഞ മന്ത്രിസഭ ഒരു തീരുമാനമെടുത്തിട്ടുണ്ട്. രണ്ട് ഉദ്യോഗസ്ഥൻമാരേയും നിശ്ചയിച്ചിട്ടുണ്ട്. പക്ഷെ എനിക്ക് അഭ്യർത്ഥിക്കാനുള്ളത് റിപ്പോർട്ടുകളും ചർച്ചകളുമായി സമയം കളയരുത്. തീരദേശങ്ങളെ സംബന്ധിച്ചിടത്തോളം തീരദേശങ്ങളിലുണ്ടായിട്ടുള്ള വികസനത്തെ പിന്നോട്ടടിക്കുന്ന C.R.Z. റൂൾ ഭേദഗതി ചെയ്താൽ മാത്രമേ തീരദേശ വികസനത്തിന് എന്തെങ്കിലും വികസനമുണ്ടാക്കാൻ കഴിയുകയുള്ളു എന്ന കാര്യത്തിൽ തർക്കമില്ല. സംസ്ഥാന ഗവൺമെന്റുപോലും പല കെട്ടിട നിർമ്മാണങ്ങളും തീരദേശത്ത് നിർത്തിവച്ചിരിക്കുകയാണ്. C.R.Z. റൂൾ ഭേദഗതി ചെയ്യാൻ സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തിൽ ശക്തമായ സമ്മർദ്ദം ചെലുത്തണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് കൊച്ചിയിലെ ഗോശ്രീ പദ്ധതിയാണ്. 100 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന ഈ പദ്ധതി, അതിന്റെ പാലങ്ങളുടെ നിർമ്മാണം പൂർത്തിയായി എന്നുമാത്രമല്ല മാർച്ചുമാസത്തോടുകൂടി അത് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നുള്ളത് ഈ ഗവൺമെന്റിന്റെ വലിയൊരു നേട്ടമാണ്. കൊച്ചിയിലെ കുടിവെള്ള പ്രശ്നം ഒരു തീരാത്ത പ്രശ്നമായി അവശേഷിക്കുകയാണ്. ഒരു പ്രധാനപ്പെട്ട നഗരമെന്ന നിലയിൽ അവിടെ കുടിവെള്ളം ലഭ്യമാക്കുന്നതിന് ദീർഘവീക്ഷണത്തോടുകൂടിയുള്ള ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. 500 കോടി രൂപയുടെ ഒരു ബൃഹത്തായ പദ്ധതി ഇപ്പോൾത്തന്നെ പരിഗണനയിലുണ്ട്. ഒരു Augmentation പദ്ധതി. ആ പദ്ധതി നടപ്പിലാക്കാനുള്ള നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ല. അതിന് ഫിനാൻസാണ് പ്രശ്നമെങ്കിൽ ഏതെങ്കിലും ഏജൻസിയിൽ നിന്ന് അതിനുവേണ്ട പണം കണ്ടുപിടിച്ച് ആ Augmentation പദ്ധതി പ്രാവർത്തികമാക്കി കൊച്ചിയിലെ കുടിവെള്ള പ്രശ്നത്തിന് ഒരു സ്ഥിരം പരിഹാരമുണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. മട്ടാഞ്ചേരിയിലെ കുടിവെള്ള പ്രശ്നം വളരെ രൂക്ഷമാണ്. എപ്പോഴും ദൃശ്യ മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്നതാണ്. മട്ടാഞ്ചേരിയിലെ കുടിവെള്ള പദ്ധതി കൈകാര്യം ചെയ്യുന്നത് ബ്രിട്ടീഷ് ഏജൻസി D.F.I.D. ആണ്. ഈ മാർച്ചുമാസം 31-ാം തീയതി ഇതിന്റെ കാലാവധി അവസാനിച്ചാൽ ആ പദ്ധതി അങ്ങനെ നിന്നുപോകുമെന്നുള്ളതാണ് ഒരു പ്രധാന സംഗതി. അതുകൊണ്ട് ഈ വർഷം കൂടി D.F.I.D. പദ്ധതി നീട്ടിക്കിട്ടുവാൻ സംസ്ഥാന ഗവൺമെന്റ് D.F.I.D.-യിൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സമ്മർദ്ദം ചെലുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. വ്യവസായ വകുപ്പ് ഈ മാസം എറണാകുളത്തുവച്ച് നടത്തുന്ന Business to Business Meet ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട ഒരു കാര്യമാണ്. Business to Business Meet-ൽ ഇവിടത്തെ ചെറുകിട വ്യവസായങ്ങൾക്ക്, അതുപോലെ ബുദ്ധിമുട്ടനുഭവിക്കുന്ന പരമ്പരാഗത വ്യവസായങ്ങളായ കയർ, കൈത്തറി, ഹാന്റിക്രാഫ്റ്റ് തുടങ്ങിയ വ്യവസായങ്ങൾക്ക് ഊന്നൽ നൽകാനുള്ള ഒരു പദ്ധതിയായിരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ആഗോളവൽക്കരണമാണ് ഒരു പ്രധാനപ്പെട്ട പ്രശ്നം. നമ്മുടെ ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റില്ല എന്നുള്ളത് മനസ്സിലാക്കി ആഗോളവൽക്കരണത്തിന്റെ പ്രയാസങ്ങളനുഭവിക്കുന്ന മുഴുവൻ വ്യവസായങ്ങൾക്കും ഗുണം കിട്ടത്തക്ക വിധത്തിലുള്ള, അവരുടെ ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റ് കണ്ടുപിടിക്കാനുള്ള ഒരു മീറ്റായിട്ട് ഇത് മാറ്റിയെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കൊച്ചിയിലെ വല്ലാർപാടം പദ്ധതിയെപ്പറ്റി നിരവധി പ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്. കേന്ദ്ര ബഡ്ജറ്റിൽ ഏറ്റവും കൂടുതൽ ജനങ്ങൾ പ്രതീക്ഷിച്ചത് വല്ലാർപാടം പദ്ധതിയെക്കുറിച്ച് എന്തെങ്കിലും പ്രഖ്യാപനമുണ്ടാകുമെന്നായിരുന്നു. പക്ഷെ ഈ പദ്ധതിയെക്കുറിച്ച് യാതൊരു സംഗതിയും പറഞ്ഞില്ലെന്നു മാത്രമല്ല നിലവിലുള്ള ഈ സ്കീമിനെക്കുറിച്ച് മെൻഷൻ ചെയ്യാൻ പോലും ശ്രമിച്ചില്ല എന്നുള്ളത് ഖേദകരമാണ്. ഇപ്പോഴുള്ള ഒരു പദ്ധതി രണ്ടായിരം കോടി രൂപയുടെ ഒരു പദ്ധതിയാണ്. സ്വകാര്യ പങ്കാളിത്വത്തോടുകൂടി നടപ്പാക്കുമെന്നതാണ് ആ പദ്ധതിക്കുള്ള സവിശേഷത. ആ പദ്ധതിയെ എതിർക്കുന്നവരുണ്ട്. അവരെ സംബന്ധിച്ച് ആ പദ്ധതി വന്നില്ലെങ്കിൽ സംസ്ഥാന ഗവൺമെന്റിനോ കേന്ദ്ര ഗവൺമെന്റിനോ ഇത്രയും വലിയൊരു സംഖ്യ മുടക്കി വല്ലാർപാടം കണ്ടൈനർ ടെർമിനൽ കൊണ്ടുവരാൻ സാധിക്കുമോ എന്നുള്ളതാണ് ഒരു പ്രശ്നം. അതുകൊണ്ട് നിലവിലുള്ള ഈ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ സഹായമൊന്നും കിട്ടുമെന്നുള്ള പ്രതീക്ഷയില്ലാതെ നിലവിലുള്ള ഈ പദ്ധതിക്ക് ഒരു പ്രതിബദ്ധത കേരള ഗവൺമെന്റ് പ്രഖ്യാപിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. മറ്റൊരു കാര്യം കൊച്ചിയിലെ കയറ്റുമതിയും ഇറക്കുമതിയും വളരെ കുറഞ്ഞുകൊണ്ടിരിക്കുന്ന ഒരു സ്ഥിതിവിശേഷമുണ്ട്. വല്ലാർപാടം കണ്ടൈനർ ടെർമിനൽ വരുന്നതോടുകൂടി അതിന് നല്ലൊരു boosting കിട്ടുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. അവിടെയുള്ള പ്രശ്നങ്ങൾ, കഴിഞ്ഞ നിയമസഭയിൽ ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ചതുപോലെ അവിടെ കുറെ പ്രശ്നങ്ങളുണ്ട്. ആ പ്രശ്നങ്ങൾ കണ്ടില്ലെന്ന് നടിക്കാൻ ആരും ശ്രമിക്കരുത്. സംസ്ഥാന ഗവൺമെന്റും അതുപോലെ ഉന്നത രാഷ്ട്രീയ പാർട്ടികളും ട്രേഡ് യൂണിയനുകളും

11.00 A.M.] അവിടത്തെ പ്രശ്നങ്ങളെപ്പറ്റി ചർച്ച നടത്തണം അതല്ലെങ്കിൽ കൊച്ചിപോലുള്ള തുറമുഖം നമുക്ക് നഷ്ടപ്പെടുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. തൊഴിലാളി യൂണിയൻ നേതാക്കളുടെ ഒരു militancy കൊച്ചിയിൽ ഉണ്ട്. അത് പരിഹരിക്കുകയാണ് വേണ്ടത്. ഇൻഡ്യയിൽ ആദ്യമായി

container കൈകാര്യം ചെയ്ത ഒരു തുറമുഖം എന്നുള്ള നിലയിൽ കൊച്ചി ഇന്ന് നാശത്തിന്റെ വക്കിലാണ്. മറ്റുള്ള തുറമുഖങ്ങളെ സംബന്ധിച്ചിടത്തോളം പുതിയ പുതിയ container berth-കൾ വന്നതോടുകൂടി കൊച്ചിയിലെ എല്ലാ ഇടപാടുകളും ആ തുറമുഖങ്ങളിലേയ്ക്ക് മാറിക്കൊണ്ടിരിക്കുന്ന ഒരു സ്ഥിതിവിശേഷമുണ്ട്. തൂത്തുക്കുടിയിലേയ്ക്കും ചെന്നൈയിലേയ്ക്കും കൊളംബോയിലേയ്ക്കും നീങ്ങിക്കൊണ്ടിരിക്കുന്ന കൊച്ചിയുടെ എല്ലാ ബിസിനസ്സുകളും തിരിച്ചുപിടിക്കാൻ ഈ പുതിയ പദ്ധതിക്ക് സാധിക്കും. അതുകൊണ്ട് തന്നെ ഈ പുതിയ പദ്ധതി നടപ്പിലാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇത് കൊച്ചിയെ സംബന്ധിച്ചുള്ള മാത്രം പ്രശ്നമല്ല. ഈ സംസ്ഥാനത്തിന്റെ മുഴുവൻ വികസനവും നിലനിൽപ്പും കൊച്ചിയിലെ നിർദ്ദിഷ്ട Container Terminal Berth-നെ മാത്രം ആശ്രയിച്ചാണ് എന്ന് പറഞ്ഞ് ഞാൻ ഒരിക്കൽ കൂടി ഈ ധനവിനിയോഗ ബില്ലുകളേയും വോട്ട് ഓൺ അക്കൗണ്ട് ബില്ലിനേയും പിൻതാങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. കെ. നാരായണക്കുറുപ്പ്: സർ, അടുത്ത നാല് മാസക്കാലത്തെ ചെലവുകൾക്ക് വിനിയോഗിക്കുവാനുള്ള പണമാണ് ഈ സഭ പാസ്സാക്കിയെടുക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിമാരോടും എല്ലാവരോടും എനിക്ക് പറയാനുള്ളത്, ഈ പണമെങ്കിലും ചെലവഴിക്കണം. അസംബ്ലിയിൽ വോട്ട് ചെയ്തു കൊടുക്കുന്ന പണം വിനിയോഗിക്കാതെ ലാപ്സാക്കുന്ന ഏർപ്പാട് നമ്മുടെ നാട്ടിൽ കുറേ കാലങ്ങളായി നടക്കുന്നു. നമുക്ക് ആവശ്യത്തിനുള്ള പണം തന്നെ ഇവിടെയില്ല. എങ്കിലും അനുവദിച്ചു കൊടുക്കുന്ന തുക കാലാകാലങ്ങളിൽ ചെലവഴിക്കുന്നുണ്ടോ എന്നറിയാൻ ഒരു മോണിറ്ററിംഗ് പോലും ഇല്ല. പണം വേണ്ട രീതിയിൽ ചെലവഴിക്കാതെ, ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാതെ പണം ലാപ്സാക്കുന്ന ഏർപ്പാടുകളും ഈ രാജ്യത്തുണ്ട്. അത് പാടില്ല. സാമൂഹ്യനീതിയും വികസനവും ലക്ഷ്യമാക്കിയിട്ടുള്ള ഒരു ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ വളരെയേറെ ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നു. അതൊക്കെ പറയുമ്പോൾ അപ്പുറത്തിരിക്കുന്ന ആളുകൾ സമ്മതിക്കുകയില്ലെങ്കിലും പരമാർത്ഥത്തിൽ ഈ സംസ്ഥാനത്ത് ഒരുപാട് ബുദ്ധിമുട്ടുകളുണ്ടായിരുന്നു. ആ ബുദ്ധിമുട്ടുകളെല്ലാം ഒരു ദിവസം കൊണ്ട് തീർക്കാനുള്ള മായാവിളക്കുകളൊന്നും ബഹുമാനപ്പെട്ട ആന്റണിയുടെ പക്കൽ ഇല്ല. എങ്കിലും സാവകാശമായി ഓരോന്നായി ഇല്ലായ്മ ചെയ്ത് വികസന രംഗത്തേക്ക് ഈ സംസ്ഥാനത്തെ കൊണ്ടുവരാൻ അദ്ദേഹം വളരെയേറെ പണിപ്പെട്ടു. ആ പണിപ്പെടലിന്റെ ഭാഗമായിട്ട്, അതിനുവേണ്ടിയുള്ള ഈ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ ഒന്നിച്ച് ഈ ബഡ്ജറ്റ് അവതരിപ്പിക്കണമെന്നും പാസ്സാക്കണമെന്നും ഉദ്ദേശമുണ്ടായിരുന്നു. എങ്കിലും ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ നാല് മാസക്കാലത്തെ കാര്യങ്ങൾ മാത്രമേ തൽക്കാലം ചിന്തിക്കുന്നുള്ളൂ. ഈ നാല് മാസത്തേയ്ക്ക് കിട്ടിയിട്ടുള്ള തുക എന്തിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടിയിട്ടാണോ വാങ്ങിക്കുന്നത് നൂറുശതമാനവും അതിനുവേണ്ടി ചെലവഴിക്കാനുള്ള ഒരു സംവിധാനം ഉണ്ടാകണം. ഇതിനുമുമ്പ് പല മഹാരഥൻമാരും ഈ സംസ്ഥാനം ഭരിച്ചിട്ടുണ്ടെങ്കിലും വാങ്ങിക്കുന്ന തുക അതിനുവേണ്ടി യഥാകാലം ചെലവഴിക്കുന്നുണ്ടോ എന്ന് തിരിഞ്ഞു നോക്കുന്ന ഒരു ഏർപ്പാട് ഇല്ലായിരുന്നു. അതുകൊണ്ട് അത് നാല് മാസത്തേയ്ക്കായാലും ഒരു വർഷത്തേയ്ക്കായാലും അതിനുവേണ്ടി ഒരു മോണിറ്ററിംഗ് സംവിധാനം ആവശ്യമാണ്. നമ്മുടെ സംസ്ഥാനത്ത് മനുഷ്യസഹജമായി ചെയ്യാൻ കഴിയുന്ന മുഴുവൻ കാര്യങ്ങളും ഈ കഴിഞ്ഞ രണ്ടര വർഷക്കാലം കൊണ്ട് ഈ ഗവൺമെന്റ് ചെയ്തു എന്നുള്ള ഒരു വിശ്വാസക്കാരനാണ് ഞാൻ. വലിയ വലിയ നേട്ടങ്ങളൊന്നും പറയാനില്ല. പക്ഷേ ആളുകളെ കബളിപ്പിച്ച്, ആളുകളെ തെറ്റിദ്ധരിപ്പിച്ചിട്ട് എന്തെങ്കിലും ചെയ്യാൻ ഇന്നത്തെ ഗവൺമെന്റിന് ആഗ്രഹമില്ല. ഒരു വർഷക്കാലം മുഴുവൻ കഴിഞ്ഞ കാലങ്ങളിലെ അടവുകളും കഴിഞ്ഞകാലത്തെ പഴുതുകളും ഒക്കെ അടയ്ക്കാൻ വേണ്ടിയുള്ള പരിശ്രമമായിരുന്നു. ഒരു വർഷക്കാലം മാത്രമേ പുതിയതായി ഈ ഗവൺമെന്റിന് എന്തെങ്കിലും ചെയ്യാൻ കഴിഞ്ഞിട്ടുള്ളൂ. അത് ക്രമാനുക്രമമായി ചെയ്യുന്നു എന്നാണ് എന്റെ വിശ്വാസം. ഒരു വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് അവതരിപ്പിച്ച് ആ പണം വാങ്ങി അത് വേണ്ടവിധം വിനിയോഗിക്കണമെന്നാണ് ആഗ്രഹിച്ചതെങ്കിലും ഒരു പ്രത്യേക സാഹചര്യം വന്നപ്പോൾ അത് നാല് മാസത്തേയ്ക്കായി കുറച്ചു. നാല് മാസത്തേയ്ക്കാണെങ്കിലും ആ നാല് മാസത്തേയ്ക്ക് ഏതെല്ലാം പേരിലാണോ നാം പണം വാങ്ങുന്നത്, ആ പണം അതിനുവേണ്ടി ചെലവഴിക്കുന്നുണ്ടോ എന്ന് മോണിറ്ററിംഗ് ചെയ്യേണ്ട ബാദ്ധ്യത ഈ ഗവൺമെന്റിനുണ്ടാകണം, ഉണ്ടാകും എന്നാണ് എന്റെ വിശ്വാസം. വ്യാമോഹം പരത്തുന്ന ഏർപ്പാടുകളൊന്നുമല്ല ഭരണപക്ഷത്ത് വേണ്ടത് എന്ന് മാത്രമേയുള്ളൂ. ഉദ്യോഗസ്ഥൻമാരെ കാണാൻ ജനങ്ങൾ ചെന്നാൽ അവർക്ക് അറിയാൻ പാടില്ലാത്ത കാര്യങ്ങൾ പറഞ്ഞുകൊടുക്കുകയും കാര്യങ്ങൾ പെട്ടെന്ന് ചെയ്തുകൊടുത്ത് അവരെ സമാധാനിപ്പിക്കുകയും ചെയ്യണം, അവരെ ബുദ്ധിമുട്ടിക്കരുത് എന്ന് മാത്രമേയുള്ളൂ. ഇപ്പോൾ അങ്ങനെയാണോ നടക്കുന്നത്? ഈ ഗവൺമെന്റല്ല, എല്ലാ ഗവൺമെന്റിന്റെ കാലഘട്ടങ്ങളിലും ഉള്ളതാണ്. ഒരു പാവപ്പെട്ടവൻ ഒരു കാര്യത്തിന് ചെന്നാൽ അവരെ എത്ര മാത്രം ഭയപ്പെടുത്താൻ കഴിയുമോ അത്രമാത്രം ഭയപ്പെടുത്തുകയാണ്. കാര്യങ്ങൾ ലഘൂകരിക്കുന്ന സമ്പ്രദായം ഇനിയെങ്കിലും വേണമെന്ന് ആഗ്രഹിച്ചുകൊണ്ടുള്ള ഒരു നടപടിക്രമമാണ് ഈ ബഡ്ജറ്റിൽ കാണിച്ചിരിക്കുന്നത്. വലിയ വലിയ മായാ പ്രപഞ്ചങ്ങൾ കാണിച്ചിട്ടില്ലെങ്കിലും ഈ രാജ്യത്തിന് ആവശ്യമായിട്ടുള്ള കാര്യങ്ങൾ വളരെ ലഘുവും ലളിതവുമായ ഭാഷയിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുണ്ട്. അത് നടപ്പാക്കണമെന്ന് അദ്ദേഹം ആഗ്രഹിക്കുന്നു. അതിനുവേണ്ടിയുള്ള അനുവാദം ചോദിക്കലാണ് ഈ ധനവിനിയോഗ ബിൽ. എന്തിനുവേണ്ടിയാണോ നാലു മാസത്തേയ്ക്ക് പണം നീക്കിവച്ചിട്ടുള്ളത്, അത്

LIBRARY ARCHIVES Kerala Legislative Assembly

മുഴുവനും ചെലവഴിക്കണമെന്ന് മാത്രം. പ്രഗത്ഭരായ ആളുകൾ ഭരിച്ചിരുന്ന കാലത്ത് പണം വാങ്ങിക്കുകയും അത് ഇല്ലായ്മ ചെയ്യുകയും കുടിശ്ശിക വരുത്തുകയും ചെയ്തിരുന്നു. ആ ഏർപ്പാടിലേയ്ക്ക് ഈ സർക്കാർ പോകരുത്. എന്ന് മാത്രമല്ല, അറിവില്ലാത്ത ആളുകൾ ഉദ്യോഗസ്ഥൻമാരെ കണ്ട് നിവേദനം നടത്തുമ്പോൾ അത് കൂടുതൽ കുഴപ്പം ഉണ്ടാക്കുകയല്ല വേണ്ടത്, ഉള്ള കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കിക്കൊണ്ട് അവരെ സമാധാനപ്പെടുത്തുകയാണ് ചെയ്യേണ്ടത്. അതുപോലെ പോലീസിന്റെ കാര്യം, പോലീസ് രാഷ്ട്രീയത്തിൽ ഇടപെടരുത് എന്ന് പറയുന്നത് നല്ല കാര്യത്തിനുവേണ്ടിയിട്ടാണ്. നമുക്കറിയാം രാഷ്ട്രീയക്കാർ പോലീസുകാരെ കക്ഷത്തിൽ വച്ചുകൊണ്ട് ഈ രാജ്യത്ത് അഹങ്കാരം കാണിക്കുന്ന ഏർപ്പാടുകൾ ഉണ്ട്. അത് പാടില്ല. പോലീസുകാർ ഇടനിലക്കാരെക്കൊണ്ട് രാജ്യം ഭരിക്കുന്ന മറ്റൊരു ഏർപ്പാടുണ്ട്. അതിനും അവരെ അനുവദിച്ചുകൂടാ. ഇതൊന്നുമില്ലാത്ത ഒരു ഭരണം ഈ സംസ്ഥാനത്ത് നടക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ട ബാദ്ധ്യത ഈ ഗവൺമെന്റിനുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. കെ. നാരായണക്കുറുപ്പ്: അതുകൊണ്ട് പലർക്കും ചെയ്തുതീർക്കാൻ കഴിയാതെ പോയ നല്ല കാര്യങ്ങൾ വളരെ പെട്ടെന്ന് ചെയ്യണമെന്നുള്ള ആഗ്രഹത്തോടുകൂടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ സഭയിൽ അവതരിപ്പിച്ച ബഡ്ജറ്റ് മുഴുവൻ ഇപ്പോൾ പറയാൻ കഴിയില്ലെങ്കിലും നാലു മാസത്തേയ്ക്കുള്ള ചെലവിനുള്ള തുക അനുവദിച്ചുകൊടുത്തുകൊണ്ട് അത് യഥാസമയം ചെലവാക്കുന്നുണ്ട് എന്ന് പരിശോധിക്കണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ ചുരുക്കുന്നു.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, 2004-ലെ കേരള ധനവിനിയോഗ ബില്ലുകളേയും വോട്ട് ഓൺ അക്കൗണ്ട് ബില്ലിനേയും ഞാൻ അനുകൂലിക്കുന്നു. ഈ ബഡ്ജറ്റിൽ പ്രാധാന്യംനൽകുന്ന മേഖലകളെ കാണാതെയാണ് ഇവിടെ പ്രതിപക്ഷാംഗങ്ങൾ സംസാരിക്കുന്നത്. ഈ ബഡ്ജറ്റിന്റെ the thrust of this budget എന്ന് വച്ചാൽ സാമ്പത്തിക വളർച്ചയാണ്. അതുപോലെ തന്നെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, ഐ.റ്റി., വിനോദസഞ്ചാരം, ബയോ ടെക്നോളജി, കൃഷി, വ്യവസായം തുടങ്ങിയ മേഖലകളുടെ വികസനമാണ് ഈ ബഡ്ജറ്റുകൊണ്ട് ഉദ്ദേശിക്കുന്നത്. അതുപോലെ തന്നെ പാവപ്പെട്ടവർക്കുവേണ്ടിയുള്ള സാമൂഹ്യക്ഷേമ പദ്ധതികൾ, മംഗല്യ ഇൻഷ്വറൻസ് പോലെയുള്ള പുതിയ ക്ഷേമ പദ്ധതികൾ. അങ്ങനെ സാധാരണക്കാർക്ക് ഒരു തരത്തിലും ഭാരമാകാത്ത ഒരു ബഡ്ജറ്റാണ് മുന്നോട്ടു വച്ചിട്ടുള്ളത്. ഇതിനെയെല്ലാം എതിർക്കാൻ ദോഷൈകദൃക്കുകൾക്കു മാത്രമേ കഴിയുകയുള്ളൂ. ഇവരെയെല്ലാം എനിക്ക് പറയാനുള്ളത് economic pessimists എന്നാണ്. എല്ലാത്തിലും അശുഭാപ്തി വിശ്വാസമാണ്. ഒരു ശുഭാപ്തി വിശ്വാസവും അവർക്കില്ല. ഈ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സർക്കാരിന്റെ നേട്ടങ്ങൾ സാമ്പത്തിക വളർച്ചാനിരക്ക് 6.14 ശതമാനമായി വർദ്ധിപ്പിച്ചില്ലേ, ദേശീയ ശരാശരിയെക്കാൾ കൂടിയില്ലേ? സി.ഡി. റേഷ്യോയിൽ ഒന്നര വർഷത്തിനിടയിൽ 4 ശതമാനം വർദ്ധനവ് രേഖപ്പെടുത്തിയില്ലേ? 52.42 ശതമാനമായി വർദ്ധിച്ചില്ലേ? അതുപോലെതന്നെ തൊഴിലില്ലാത്തവരുടെ എണ്ണം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിരുന്നത് 2001-ൽ 44.3 ലക്ഷം ആയിരുന്നത് 2003-ൽ 38.6 ലക്ഷമായി കുറച്ചില്ലേ? വിൽപ്പന നികുതി ഇനത്തിൽ 2004 ജനുവരിയിൽ ഉണ്ടായിരിക്കുന്ന കളക്ഷൻ 535.15 കോടി രൂപയാണ്. ഇത് സർവ്വകാല റിക്കാർഡാണ്. 2001 ജനുവരിയിൽ പിരിച്ചെടുത്തത് വെറും 220.92 കോടി രൂപയാണ്. 150 ശതമാനം വർദ്ധനവാണ് ഉള്ളത്. അതുപോലെ ചെക്ക്പോസ്റ്റ് വരുമാനം 2001 ഡിസംബറിൽ 16.31 കോടി രൂപ പിരിച്ചെടുത്തപ്പോൾ 2003 ഡിസംബറിൽ പിരിച്ചെടുത്തത് 64.24 കോടി രൂപയാണ്. 300 ശതമാനം വർദ്ധനവാണ് ചെക്ക്പോസ്റ്റ് കളക്ഷനിൽ ഉള്ളത്. പദ്ധതി പ്രവർത്തനത്തിന് നടപ്പു സാമ്പത്തിക വർഷം ഉൾപ്പെടെ 9,500 കോടി രൂപ ചെലവഴിക്കാൻ കഴിയുന്നു. അതുപോലെതന്നെ ആദ്യമായി കടബാദ്ധ്യത കുറച്ചുകൊണ്ടുവരാൻ ഒരു Debt Management Cell-ന് രൂപം നൽകുന്നു. ഇതൊക്കെ നവീനങ്ങളായ നിർദ്ദേശങ്ങളാണ്. കേന്ദ്രത്തിൽ നിന്നും കിട്ടാനുള്ള ഗ്രാന്റ് നേടി എടുക്കുന്നതിന് ഒരു ഗ്രാന്റ് മോണിറ്ററിംഗ് സെല്ലിന് രൂപം കൊടുത്തില്ലേ? അതുപോലെ തന്നെ സാമൂഹ്യക്ഷേമ പദ്ധതികൾക്ക് മുഖ്യ പ്രാധാന്യം നൽകിക്കൊണ്ട് 2001-2002-ൽ 13.49 ശതമാനമാണ് ഈ രംഗത്ത് വിനിയോഗിച്ചത് എങ്കിൽ 2002-2003-ൽ ഇത് 20.57 ശതമാനമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. ഏറ്റവും കൂടുതൽ സാമ്പത്തിക പ്രതിസന്ധി ഉണ്ടായിരുന്ന കാലഘട്ടത്തിൽ ആയിരുന്നു ഇതെന്ന് ഓർക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക അടിത്തറ ശക്തിപ്പെടുത്താൻ വേണ്ടി പദ്ധതി വിഹിതമായ 1350 കോടി രൂപ കൂടാതെ കൂടുതൽ തുക വകയിരുത്തിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 1428 കോടി രൂപയാണ് നൽകിയത്. കയർ മേഖലയുടെ വികസനത്തിന് 5 കോടി രൂപയ്ക്കു പുറമേ 5 കോടി രൂപകൂടി നമ്മുടെ ധനകാര്യമന്ത്രി അനുവദിച്ചു. അതുപോലെ പി.എസ്.സി. വഴി എൽ.ഡി.എഫ്. സർക്കാർ നൽകിയതിനെക്കാൾ കൂടുതൽ തൊഴിലവസരങ്ങൾ ഈ സർക്കാർ രണ്ടര വർഷംകൊണ്ട് ലഭ്യമാക്കി. അവർ ആകെ 110067 പേർക്ക് അഞ്ചു വർഷം കൊണ്ട് ജോലി നൽകിയെങ്കിൽ രണ്ടര വർഷം കൊണ്ട് 62100 പേർക്കാണ് ഈ സർക്കാർ തൊഴിൽ ലഭ്യമാക്കിയിരിക്കുന്നത്. എനിക്ക് പറയുവാനുള്ളത് ധൂമകേതുക്കളാകുന്ന ജനാധിപത്യ കേരളത്തിന്റെ രാഷ്ട്രീയ നഭസ്സ് തെളിഞ്ഞുതുടങ്ങുന്നു. അകലെ പ്രത്യാശയുടെ സൂര്യകിരണങ്ങൾ പ്രത്യക്ഷമാകുമ്പോൾ ഇരുട്ടിൻപറ്റത്തിന് ഓടിയൊളിക്കുക മാത്രമേ ഗതിയുള്ളൂ. അതാണ് നമ്മൾ ഇവിടെ കഴിഞ്ഞ ഒന്നു രണ്ടാഴ്ചയായി കണ്ടുകൊണ്ടിരിക്കുന്നത്.

2/198/2013—32.

"കതിരവനവനുടെ ചെറുകിരണവും കാവ്യമല്ലേ" എന്ന കുമാരനാശാന്റെ ഈ കവിവാക്യം ദുരുപദിഷ്ടിതമായ കൃത്രിമ ആരോപണങ്ങളുടെ പുകപടലം സൃഷ്ടിച്ചുകൊണ്ട് ഇൻഡ്യൻ രാഷ്ട്രീയ നഭസ്സിലെ സൂര്യ തേജസ്സായിരുന്ന രാജീവ് ഗാന്ധിയെ ഒരു റോസാ പുഷ്പത്തിന്റെ നൈർമല്യമുണ്ടായിരുന്ന രാജീവ് ഗാന്ധിയെ, സ്വർണ്ണച്ചിറകടിച്ച് സ്വർഗ്ഗത്തിലേക്ക് പറന്നുപോയ രാജീവ്ഗാന്ധിയെ ഒരു മധ്യാഹ്ന സൂര്യന്റെ അസ്തമയം പോലെ നമ്മെ പിരിഞ്ഞ രാജീവ്ഗാന്ധിയെ ആ മഹനീയ വ്യക്തിത്വത്തെ കുറേക്കാലം മൂടിവയ്ക്കുവാൻ ഇവർക്ക് കഴിഞ്ഞു. കഴിഞ്ഞ 1991-ലെ തെരഞ്ഞെടുപ്പു സമയത്ത് ഒരു പ്രധാനമന്ത്രി പദത്തിലേയ്ക്ക് അദ്ദേഹം എത്താൻ നിമിഷങ്ങൾ മാത്രം ബാക്കിയുള്ളപ്പോൾ ഇവർ വിളിച്ച മുദ്രാവാക്യം എന്തായിരുന്നു. "കള്ളാ കള്ളാ രാജീവേ, കള്ളത്തരത്തിൻ നേതാവേ" എന്നായിരുന്നില്ലേ ഇവർ വിളിച്ചത്. ഇപ്പോൾ എന്നിട്ടെന്തായി? എബ്രഹാം ലിങ്കൺ പറഞ്ഞതുപോലെ You can fool all the people for some time, you can fool some people for all the time, but you cannot fool all the people for all the time എന്നുള്ള മഹദ്വചനം നിങ്ങൾ ഓർക്കുന്നത് ഉചിതമായിരിക്കും. എനിക്ക് പറയാനുള്ളത് രാജീവ്ഗാന്ധിയുടെ മഹത്വത്തെ കുറച്ചുകാലം മൂടിവയ്ക്കുവാൻ ഇവർക്ക് കഴിഞ്ഞു. എന്നാൽ ഇപ്പോൾ ഗ്രഹണം കഴിഞ്ഞ സൂര്യനെപ്പോലെ കളങ്കമകന്ന ആ മഹാന്റെ പുണ്യാത്മാവ് ഭാരത രാഷ്ട്രീയത്തിൽ പുതിയ തരംഗങ്ങൾ ഉണ്ടാക്കാൻ പോകുന്നു. വയലാർ രാമവർമ്മ അദ്ദേഹത്തിന്റെ സർഗ്ഗസംഗീതത്തിൽ പാടിയിട്ടുണ്ട്

"ഗ്രഹണത്തിൻ വിഷമിത്തിരി കിട്ടുമ്പോൾ ഞങ്ങളീ

ഗഹനവും ഭൂമിയും ശൂന്യമാക്കു" മെന്നാണ് ഞാഞ്ഞൂലുകൾ പറയുന്നത്. പക്ഷെ

"ഞാഞ്ഞൂലിൻ വിഷമേറ്റ് മരിച്ചിട്ടില്ലിവിടത്തൊരു ചിതലിന്റെ കുഞ്ഞുപോലും"

എന്ന് മനസ്സിലാക്കുവാനുള്ള രാഷ്ട്രീയബോധം എങ്കിലും ഇടതുപക്ഷക്കാർക്ക് ഉണ്ടാകണം എന്നാണ് എനിക്ക് പറയുവാനുള്ളത് അസ്തമയങ്ങളില്ലാത്ത ലോകത്തിരുന്നുകൊണ്ട് തനിക്കുമേൽ കള്ളക്കുറ്റം ചാർത്തിയ അവസരവാദികളെയും വിപ്ലവവായാടികളെയും കുതികാൽവെട്ടികളെയും ആ മനുഷ്യൻ ശ്രദ്ധിക്കുന്നുണ്ടാവുമല്ലോ. തീർച്ചയായും ശ്രദ്ധിക്കുന്നുണ്ടാകും. ഒരു ദൈവംകൂടി എന്ന കവിതയിൽ വയലാർ തന്നെ പറഞ്ഞിരിക്കുന്നു

"വ്യാഴൻ തുടങ്ങിയിരിക്കുന്നു, രാഹുവിനുഴം കഴിഞ്ഞുപോയി

തെളിഞ്ഞുപോയ് ജാതകം, ഒഴുകിവരും വിജ്ഞാന ഗംഗയെ തടയുവാൻ

ഒരു കൊച്ചു മൺചിറ പൊങ്ങിവന്നു" എന്നുപറഞ്ഞതുപോലെ കോൺഗ്രസിന്റെ മഹാശക്തിപ്രവാഹത്തെ പ്രതിരോധിക്കുവാൻ ദുർബലമായ രാഷ്ട്രീയ മൺചിറ നിർമ്മിക്കുന്നവർക്ക് പരിഹാസ്യമായി പിരിയുവാൻ ഈ പാർലമെന്റ് തെരഞ്ഞെടുപ്പ് വഴിമരുന്നായിത്തീരുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ആസേതു ഹിമാചലം പ്രകമ്പനംകൊള്ളുന്ന കോൺഗ്രസിന്റെ രണ്ടാമൂഴം പിറന്നുപോയി. ഈ സമ്മേളനം കഴിഞ്ഞ് അടുത്ത സമ്മേളനം ഇവിടെ ചേരുന്നതിന് മുമ്പ് ഇൻഡ്യയുടെ എല്ലാ നാനാത്വങ്ങളേയും അവരിലുറങ്ങിയിരിക്കുന്ന പരമമായ ഏകത്വത്തിന്റെയും ചൈതന്യം ഉൾക്കൊള്ളുന്ന കോൺഗ്രസിന്റെ നേതൃത്വത്തിൽ ഉള്ള മതേതര മുന്നണി ഏപ്രിൽ മാസം ഒടുവിൽ നടക്കുന്ന ജനവിധിയിൽ ഡൽഹിയിൽ അധികാരത്തിൽ വരും എന്നുള്ളതാണ് എന്റെ വിശ്വാസം. ഇവിടെ സൂചിപ്പിക്കപ്പെട്ടു, കേന്ദ്രത്തിൽ അവതരിപ്പിച്ച ബഡ്ജറ്റ് കേരളത്തെ സമ്പൂർണ്ണമായി അവഗണിച്ചു, ഈ കേരളത്തിന്റെ ചരിത്രത്തിൽ ഇങ്ങനെ ഒരവഗണന നമുക്ക് ഉണ്ടായിട്ടില്ല. എന്താണ് കേന്ദ്രത്തിലെ ഒരു മന്ത്രി പറഞ്ഞത്, കേന്ദ്രം ഭരിക്കുന്ന ഭരണ കക്ഷിയോട് കേരളീയർ തിരിഞ്ഞു നിൽക്കുന്നതുകൊണ്ടാണ് നമ്മളെ അവഗണിക്കുന്നത് എന്നാണ്, സത്യപ്രതിജ്ഞാ ലംഘനമാണ് കേന്ദ്ര മന്ത്രിയായിരിക്കുന്ന ഒരാൾ ഇതുസംബന്ധിച്ച് നടത്തിയ അഭിപ്രായ പ്രകടനം. ആരോഗ്യരംഗത്ത് ഏറ്റവും വികസിച്ച ഒരു സംസ്ഥാനമാണ് നമ്മുടെ സംസ്ഥാനം. പക്ഷെ നമ്മുടെ All India Institute of Medical Science-ന്റെ മാതൃകയിൽ ആറ് സ്ഥാപനങ്ങൾ അനുവദിച്ചപ്പോൾ നമുക്ക് ഒരു സ്ഥാപനംപോലും ലഭ്യമായില്ല. അതുപോലെതന്നെ നമ്മുടെ റയിൽവേ വികസനത്തിനുവേണ്ടി, ഏറ്റവും കൂടുതൽ ടിക്കറ്റെടുത്ത് യാത്രചെയ്യുന്ന, പണംമുടക്കി യാത്രചെയ്യുന്ന ആളുകളുള്ള ഇൻഡ്യയിലെ പ്രധാനപ്പെട്ട സംസ്ഥാനമായ കേരളത്തിന് അതിനനുസരിച്ച് റയിൽവേ മേഖലയിലും യാതൊരു ആനുകൂല്യവും നൽകിയിട്ടില്ല. പക്ഷെ ടൂറിസത്തിന് നമ്മുടെ സംസ്ഥാനത്ത് അവാർഡ് പ്രഖ്യാപിച്ചു, ടൂറിസം മേഖലയിൽ നമുക്ക് International Convention Centre അനുവദിക്കണം എന്നുള്ള നമ്മുടെ അഭ്യർത്ഥന മാനിക്കപ്പെട്ടില്ല. അതുപോലെ ബയോ ടെക്നോളജി പാർക്കിനുവേണ്ടി മുഖ്യമന്ത്രിയടക്കം പോയി നിവേദനം നൽകിയിട്ടും നമുക്ക് അവർ തന്നില്ല. ഇങ്ങനെ കേരളത്തിന്റെ വിവിധങ്ങളായ പ്രശ്നങ്ങളിൽ പുറംതിരിഞ്ഞു നിൽക്കുന്ന കേന്ദ്രത്തിലെ ഭരണകക്ഷി ഈ വർഗ്ഗീയ വിധ്വംസക ശക്തികളുടെ പിൻതുണയോടുകൂടി ഈ രാജ്യത്തുള്ള സകല ചെറു പാർട്ടികളുടെയും സഹായത്തോടെ ഇൻഡ്യയെ മുഴുവൻ ഇന്ന് കടക്കെണിയിലാക്കിക്കൊണ്ട് ഇൻഡ്യയിലെ മുഴുവൻ പൊതുമേഖലാ സ്ഥാപനങ്ങളെയും തുലച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ എഫ്.എ.സി.ടി.-ക്ക് ഈ വർഷം അനുവദിച്ചത് പത്ത് കോടി രൂപയാണ്. കഴിഞ്ഞവർഷം 22 കോടി രൂപ അനുവദിച്ച സ്ഥാനത്ത് നമ്മുടെ സ്ഥാപനത്തെ ഓരോന്നിനെയും ചോരയിൽ മുക്കിക്കൊല്ലുന്ന തരത്തിലുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്ന കേന്ദ്രത്തിലെ ഭരണകക്ഷി മുന്നണിക്കെതിരായിട്ടുള്ള മതേതര മുന്നണിക്കുവേണ്ടി പിന്തുണ നൽകുവാനുള്ള ഒരവസരമാക്കി ഈ കാലഘട്ടത്തെ മാറ്റിയെടുക്കുവാൻ വേണ്ടി കണ്ണ് തുറന്ന് കാണണമെന്നും അതിനായി സഹകരിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

2/198/2013—32a.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ഷാജു: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലുകളേയും വോട്ട് ഓൺ അക്കൗണ്ടിനേയും അനുകൂലിക്കുകയാണ്. സംസ്ഥാനം ഇപ്പോഴും സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും പൂർണ്ണമായി കര കയറിയിട്ടില്ല. എങ്കിലും മെച്ചപ്പെട്ട ധന മാനേജ്മെന്റ് വഴി നമുക്ക് പിടിച്ചുനിൽക്കാവുന്ന ഒരവസ്ഥ വന്നിട്ടുണ്ട്. മെച്ചപ്പെട്ട ധന മാനേജ്മെന്റ് എന്നുപറഞ്ഞാൽ പരമാവധി വരുമാനം വർദ്ധിപ്പിക്കുകയും, ചെലവ് കുറയ്ക്കുകയുമാണ്. അതിനുവേണ്ടിയുള്ള പരിശ്രമം നമ്മൾ നടത്തുമ്പോൾ ഇവർ ഇവിടെ പൊതുകടം വർദ്ധിച്ചതിനെപ്പറ്റിയാണ് പറയുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് വരുത്തിവച്ച കടത്തിന്റെ ഫലമായിട്ടാണ് സംസ്ഥാനത്തിന്റെ പൊതുകടം വർദ്ധിച്ചത്. ആ ഒരു സ്ഥിതിക്ക് പരിഹാരം കാണുവാൻ വേണ്ടിയിട്ടുള്ള മെച്ചപ്പെട്ട ധന മാനേജ്മെന്റുമായി നമ്മൾ മുന്നോട്ടുപോകുകയാണ്. പദ്ധതികൾക്കും പ്രവർത്തനങ്ങൾക്കും അനുവദിക്കുന്ന പണം പൂർണ്ണമായും ചെലവഴിക്കാൻ നമുക്ക് കഴിയുന്നില്ല എന്നുള്ള ഒരു ദുഃസ്ഥിതി ഇന്നും നമ്മുടെ സംസ്ഥാനത്തെ ചൂഴ്ന്നുനിൽക്കുകയാണ്. നമ്മുടെ ഉദ്യോഗസ്ഥരുടെ കൈവശം പദ്ധതിക്കുവേണ്ടി ചെലവഴിക്കാൻ കൊടുത്തയയ്ക്കുന്ന പണം പലപ്പോഴും സ്വന്തം അക്കൗണ്ടിൽ നിക്ഷേപിക്കുന്ന രീതി ഇപ്പോഴും തുടരുകയാണ്. വിജിലൻസിന്റെ വളരെ വലിയ അന്വേഷണങ്ങളും, കാര്യങ്ങളുമെല്ലാം വിവിധ മേഖലകളിൽ ഉണ്ടായിട്ടുണ്ട് എങ്കിലും ഇപ്പോഴും ഈ കാര്യത്തിൽ സമൂലമായ ഒരു മാറ്റം ഉണ്ടായിട്ടില്ല എന്നുള്ളത് പരിശോധിക്കപ്പെടേണ്ട വസ്തുത തന്നെയാണ്. സംസ്ഥാനത്ത് കാർഷിക വ്യാവസായിക മേഖലയുടെ വികസനം നമ്മുടെ ബഡ്ജറ്റിൽ ഉണ്ട്. ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ പൂർണ്ണമായും നടപ്പിലാക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ വേണ്ടി ഇവിടെ തന്നെ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മോണിറ്ററിംഗ് കമ്മിറ്റി കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞാൽ നമ്മുടെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള പണം ഇപ്പോൾ നാല് മാസക്കാലത്തേക്ക് നാം നീക്കിവച്ചിട്ടുള്ള പണം പൂർണ്ണമായി വിനിയോഗിച്ചുവെന്ന് നമുക്ക് ഉറപ്പുവരുത്താൻ കഴിയും. ഇവർ ഭരിച്ചപ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം വർദ്ധിക്കുകയും എ.കെ.ജി. സെന്ററിന്റെ പൊതുധനം വർദ്ധിക്കുകയും ചെയ്യുന്ന ഒരു സ്ഥിതിവിശേഷം ഉണ്ടായി. ഇന്ന് ആ സ്ഥിതി മാറിയിരിക്കുകയാണ്. നമ്മുടെ സംസ്ഥാനം നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണാൻ മുണ്ട് മുറുക്കി ഉടുത്താണ് നമ്മൾ കഴിഞ്ഞ രണ്ടര വർഷക്കാലമായി ഈ സംസ്ഥാനത്ത് പ്രവർത്തിച്ചുവരികയും, മുന്നോട്ടു പോകുകയും ചെയ്തിട്ടുള്ളത്. നിശ്ചയമായും അപ്പുറത്തുനിന്ന് ഓരോന്നും ഇങ്ങനെ വിളിച്ചുപറയുക എന്നല്ലാതെ ഈ സംസ്ഥാനത്തെ രക്ഷിക്കാൻ കഴിയുന്ന ഏതെങ്കിലും ക്രിയാത്മകമായ ഒരു നിർദ്ദേശം ഈ കഴിഞ്ഞ രണ്ടര വർഷത്തിനിടയിൽ നമ്മുടെ സംസ്ഥാനത്ത് മുമ്പോട്ടുവയ്ക്കാൻ കഴിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനം നേരിടുന്ന ഗുരുതരമായ പ്രതിസന്ധിയിൽ നിന്ന് ഈ സംസ്ഥാനത്തെ രക്ഷിക്കുന്നതിന് ആവശ്യമായിട്ടുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങൾ വയ്ക്കുന്നതിനു പകരം സംസ്ഥാനത്ത് നിലവിലുള്ള ക്രമസമാധാന അന്തരീക്ഷവും വ്യാവസായിക അന്തരീക്ഷവും തല്ലിത്തകർക്കാൻ വേണ്ടിയിട്ടുള്ള സമീപനമാണ് സ്വീകരിച്ചത്. 'ജിം' പരാജയപ്പെട്ടു എന്നു പറഞ്ഞ് പാൽപ്പായസം കുടിക്കുന്ന കുട്ടിയെപ്പോലെ സന്തോഷിക്കുന്നത് നമ്മൾ കാണുകയാണ്. അതുകൊണ്ട് ഞാൻ വീണ്ടും ആവർത്തിച്ച് പറയുകയാണ്, ഈ സംസ്ഥാനത്തിന്റെ പൊതു താൽപ്പര്യങ്ങൾ സംരക്ഷിക്കാൻവേണ്ടി ഉപയുക്തമായിട്ടുള്ള ഒട്ടനവധി നിർദ്ദേശങ്ങൾ അടങ്ങിയിട്ടുള്ള ഒന്നാണ് ഈ ബഡ്ജറ്റ്. അതിനുവേണ്ടി മാറ്റിവച്ചിട്ടുള്ള പണം കൃത്യമായി വിനിയോഗിക്കുന്നു എന്ന് ഉറപ്പുവരുത്താനും അത് ഉദ്യോഗസ്ഥൻമാർ സ്വന്തം അക്കൗണ്ടിൽ മാറ്റി സംസ്ഥാനത്തിന്റെ പദ്ധതികൾ തകിടം മറിക്കുന്ന സ്ഥിതി വിശേഷം അവസാനിപ്പിക്കാനും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് നടപടിയുണ്ടാകണ മെന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനേയും വോട്ട് ഓൺ അക്കൗണ്ടിനേയും ഞാൻ പിൻതാങ്ങുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലുകളേയും വോട്ട് ഓൺ അക്കൗണ്ടിനേയും എതിർക്കുകയാണ്. ഇതു പാസാക്കിയതുകൊണ്ട് എന്താണ് പ്രത്യേകിച്ച് പ്രയോജനമെന്ന് സംശയിക്കുകയാണ്. ഇവിടെ നമ്മൾ ബഡ്ജറ്റ് പാസ്സാക്കുന്നു, വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കുന്നു. പക്ഷെ ചെലവഴിക്കുന്ന കാര്യം വരുമ്പോൾ എത്ര ദയനീയമായിട്ടാണ് ഈ ഗവൺമെന്റ് പരാജയപ്പെടുന്നത് എന്നതിന്റെ എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും ഞങ്ങളിവിടെ ചൂണ്ടിക്കാണിക്കാം. പലപ്പോഴും ചൂണ്ടിക്കാണിച്ചതാണ്. ട്രഷറി നിയന്ത്രണത്തെ സംബന്ധിച്ച് ഒരു കാര്യം ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. എത്രപ്രാവശ്യം അങ്ങ് നിയന്ത്രണം നീക്കി, നിയന്ത്രണം നീക്കി എന്ന് ഇവിടെ പറഞ്ഞു. എവിടെ നിയന്ത്രണം നീക്കി? തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കൊടുക്കുന്ന പദ്ധതിച്ചെലവിൽ വലിയ ഒരു ഭാഗം പഞ്ചായത്തിനും മുനിസിപ്പാലിറ്റിക്കും കൊടുത്തിരിക്കുകയല്ലേ, ഈ ഫെബ്രുവരി മാസം ആറാം തീയതി വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ചെലവഴിച്ച സംഖ്യ 28 ശതമാനമാണ്. നിങ്ങൾ എത്ര ശ്രമിച്ചാലും മാർച്ച് 31-ന് മുൻപായി എത്രയെത്തും, ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ ഒന്ന് പറയണം. നമ്മുടെ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലുമായി നടക്കുന്ന പദ്ധതി പ്രവർത്തനങ്ങളെല്ലാം താറുമാറായി കിടക്കുകയല്ലേ? 28 ശതമാനമെന്നത് ഞാൻ ഔദ്യോഗികമായ കണക്ക് വച്ചു പറയുന്നതാണ്. ഇത് 50 ശതമാന മെത്തിക്കാൻ നിങ്ങൾക്ക് കഴിയുമോ? കേരളത്തിലെ പഞ്ചായത്തുകളിൽ നടക്കുന്ന എല്ലാ വികസനപ്രവർത്തനങ്ങളും തകർന്ന് പോകുകയല്ലേ? പിന്നെ ഇത് പാസാക്കിയതുകൊണ്ട് എന്ത് പ്രയോജനം? ട്രഷറിയിൽ നിങ്ങൾ നിയന്ത്രണ

മേർപ്പെടുത്തി. ചെക്ക് പാസാക്കി കൊടുത്തില്ലായെങ്കിൽ ഏത് കാര്യത്തിനും- ബഹുമാനപ്പെട്ട തിരുവഞ്ചൂർ നിങ്ങൾ ഒന്ന് ആലോചിക്കൂ. ഇത് എല്ലാപേരെയും ബാധിക്കുന്ന വിഷയമല്ലേ? പഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷൻ, ബ്ലോക്ക് പ്രസിഡന്റുമാരുടെ അസോസിയേഷൻ, മുനിസിപ്പാലിറ്റി ചെയർമാൻമാരുടെ അസോസിയേഷൻ അവർ പറഞ്ഞ കണക്ക് വച്ചിട്ടാണ് ഞാൻ സംസാരിക്കുന്നത്. ബഹുമാനപ്പെട്ട മിനിസ്റ്റർ മറുപടി പറയുമ്പോൾ അത് പറയണം. കുടിശ്ശിക വിതരണം ചെയ്യുമെന്ന് പറഞ്ഞു, കഴിഞ്ഞ ദിവസം കിട്ടിയ ഉത്തരത്തിൽ പറയുന്നു, 31 മാസത്തെ കർഷക തൊഴിലാളി പെൻഷൻ കുടിശ്ശികയാണ്. ഇവിടെ ഈ സഭയ്ക്ക് എത്ര തവണ ഉറപ്പുതന്നതാണ്, ഒരു ഗഡു കൊടുക്കും, മൂന്നു മാസത്തെ കൊടുക്കും, എവിടെ കൊടുത്തു? ആർക്ക് കൊടുത്തു? കുറച്ചു കൊടുത്തു, കൊടുത്തില്ല, എന്നല്ല. ഒന്നുരണ്ട് ഉദാഹരണം മാത്രമേ ഞാൻ പറയുന്നുള്ളൂ. പാവപ്പെട്ട മൽസ്യത്തൊഴിലാളികളുടെ പെൻഷൻ, തോമസ് മാഷിനോട് ചോദിക്കൂ. 21 മാസത്തെ കുടിശ്ശികയുണ്ട്. കൈത്തറിമേഖലയെക്കുറിച്ച് ഈ സഭയിൽ എത്ര തവണ ചർച്ച ചെയ്തതാണ്. ഞാൻ മൂന്നു മേഖലകളെക്കുറിച്ചുമാത്രം പറയാം. കർഷകത്തൊഴിലാളി, മൽസ്യത്തൊഴിലാളി, കൈത്തറിത്തൊഴിലാളി മേഖലകളിൽ 18 മാസം കുടിശ്ശികയല്ലേ, ഈ മാർച്ച് 31-ന് മുൻപ് ആർക്കെങ്കിലും കൊടുക്കാൻ പോകുന്നുണ്ടോ? ഇനി വല്ല തീരുമാനവും എടുക്കുമോ? കൊടുക്കുമോ? ഇത്രമാത്രം കുടിശ്ശിക വരുത്തിയിരിക്കുന്നു. ഓരോ പെൻഷനും എടുക്കുക, എത്രയെത്ര കുടിശ്ശികകൾ, കശുവണ്ടിത്തൊഴിലാളിയുൾപ്പെടെ ഞാൻ സമയക്കുറവുകൊണ്ട് പറയുന്നില്ല. ബഡ്ജറ്റ് പാസ്സാക്കി കൊടുത്തുകഴിഞ്ഞാൽ ബഹുമാനപ്പെട്ട ചെയർ പറഞ്ഞു, അത് ശരിയായ വിധത്തിൽ വിനിയോഗിക്കുക, വിനിയോഗിക്കാൻ ഇവിടെ അനുവദിക്കുന്നില്ല, പിന്നെ നമ്മുടെ നാട്ടിൽ വികസനപ്രവർത്തനങ്ങൾ എങ്ങനെ നടക്കും, ഡവലപ്മെന്റ് ആക്ടിവിറ്റീസ് എല്ലാം മുടങ്ങിപ്പോകുകയല്ലേ? ഞാൻ ഒന്നു രണ്ടു കാര്യങ്ങൾ കൂടി ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താം. നമ്മൾ ഇന്ന് പിരിഞ്ഞാൽ ഇലക്ഷന് പോകുകയല്ലേ? ജനങ്ങളുടെ മുന്നിൽ ഇതൊക്കെ തുറന്ന പുസ്തകം പോലെ നിൽക്കുകയല്ലേ? ഈ തെരഞ്ഞെടുപ്പ് പോരാട്ടത്തിൽ ജനങ്ങളുടെ മുന്നിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങളല്ലേ ഇത്. എറണാകുളം തെരഞ്ഞെടുപ്പിൽ നിങ്ങൾക്ക് ഏറ്റ പരാജയം പരാജയമല്ല എന്നാണല്ലോ ഇവിടെ പറഞ്ഞത്. കാരണം നിങ്ങൾക്ക് തിരുവല്ലയേയുള്ളൂ. തിരുവല്ലയിൽ കഷ്ടിച്ചു ജയിച്ചതുകൊണ്ട് തിരുവല്ലയെക്കുറിച്ച് പറയാം. എറണാകുളത്തെക്കുറിച്ച് നിങ്ങൾക്ക് പറയാൻ കഴിയുന്നില്ല. ഇനി 20 പാർലമെന്റ് മണ്ഡലങ്ങളിലെ തെരഞ്ഞെടുപ്പുകളല്ലേ, പ്രതിപക്ഷത്ത് ഞങ്ങൾ നാൽപ്പതല്ലേയുള്ളൂ. നിങ്ങൾ നൂറ് പേരല്ലേ? നമുക്ക് നോക്കാം മാഷേ, മാസ്റ്റർ പ്രസംഗിക്കുമ്പോൾ പറയണം. മാസ്റ്ററുടെ മണ്ഡലത്തിൽ വയനാട് ഉൾപ്പെടെ അതല്ലേ— അപ്പച്ചനെ രാജി വയ്പ്പിക്കാൻ—, രാമചന്ദ്രൻ മാസ്റ്ററെ പേടിച്ചിട്ടാണ്. കെ. പി. സി. സി. പ്രസിഡന്റ് മുരളീധരനെതിരായി കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ ഇറക്കിയ പ്രസ്താവന ഗിന്നസ് ബുക്കിലാണ്. മാസ്റ്ററുടെ പേര് ഗിന്നസ് ബുക്കിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : രാജേന്ദ്രാ നിങ്ങൾ പാർലമെന്റിൽ ആകെ എത്ര അംഗങ്ങളുണ്ട്? വെറുതെ വർത്തമാനം പറയാതെ ഉള്ള പാർട്ടിയെക്കുറിച്ച് സംസാരിക്കൂ. അതാ നല്ലത്.

ശ്രീ. കെ. പി. രാജേന്ദ്രൻ: ഞങ്ങൾ ചെറിയ പാർട്ടിയാണ്. ഞങ്ങൾ ആ അംഗസംഖ്യ വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നു. നിങ്ങളുടെ വലിയ പാർട്ടിയുടെ കാര്യമാണ് ഞാൻ പറയുന്നത്. നമുക്ക് കേരളത്തിൽ 20 സീറ്റുണ്ടല്ലോ, പാർലമെന്റിൽ മൽസരിക്കുക, നിങ്ങൾ ഒന്നിച്ചു, നിങ്ങൾ ഒന്നായി, നിങ്ങൾ ഐക്യമായി, എവിടെ ഐക്യം, കെ. പി. വിശ്വനാഥനും, പി. പി. ജോർജ് മാഷും അവിടെയില്ലല്ലോ, മുരളീധരനും ശ്രീ. എ. കെ. ആന്റണിയും ക്ലിഫ് ഹൗസിൽ കൈകോർത്തുപിടിച്ച് പുഞ്ചിരിച്ചുനിൽക്കുന്ന ചിത്രം വന്നതിന്റെ നാൽപ്പത്തിയെട്ടു മണിക്കൂർ കഴിഞ്ഞില്ല, കെ. പി. വിശ്വനാഥന്റെ മണ്ഡലത്തിൽ ഒരു പഞ്ചായത്തു പ്രസിഡന്റിന്റെ കഴുത്ത് ജോർജ് മാഷ് അരിഞ്ഞുവീഴ്ത്തി. പഞ്ചായത്തു പ്രസിഡന്റിന്റെ കഴുത്തുപോയി. കേരളത്തിൽ നൂറിൽ ചിലാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിങ്ങളുടെ ഭരണത്തിനെതിരായി നിങ്ങൾ തന്നെയല്ലേ അവിശ്വാസപ്രമേയം കൊടുക്കുന്നത്. ഓരോന്നോരാന്നായി കൊഴിഞ്ഞു വീഴുകയല്ലേ, നിങ്ങൾ ഒന്നിച്ചുള്ള ഐക്യത്തിന്റെ കൊടി ഉയർത്തി നിൽക്കുകയല്ലേ, ഈ വരുന്ന രണ്ട് ആഴ്ചകൾക്കുള്ളിൽ ഇനി കേരളത്തിൽ എത്ര പഞ്ചായത്ത് പ്രസിഡന്റുമാരുടെയും മുനിസിപ്പൽ ചെയർമാൻമാരുടേയും തല അരിഞ്ഞുവീഴും., അങ്ങനെ ഐക്യം നിങ്ങൾ പ്രസംഗിച്ചതുകൊണ്ടൊന്നും വരാൻ പോകുന്നില്ല. കോൺഗ്രസിലെ ഗ്രൂപ്പ് വഴക്കുകൊണ്ട് കഴിഞ്ഞ ഒരു വർഷം ഈ സംസ്ഥാനത്ത് മുഴുവൻ നിങ്ങൾ വിഴുപ്പലക്കി വിഴുപ്പലക്കി, ഈ ഭരണം മുഴുവൻ സ്തംഭിപ്പിച്ചു, ഇപ്പോൾ ജിം പരാജയപ്പെട്ടപ്പോൾ അത് ഞങ്ങളുടെ തലയിൽ, കേരളത്തിൽ എഫ്.എ.സി.ടി., എച്ച്.എം.ടി., എച്ച്.എൻ.എൽ., അല്ലെങ്കിൽ ഷിപ്പ്യാർഡ്— കേന്ദ്ര ഗവൺമെന്റ് നമ്മുടെ സ്റ്റേറ്റിന് എതിരായിട്ട് ഓഹരി വിൽപ്പനയുമായിട്ട് വരുമ്പോൾ അത് തടയാൻ കഴിയാത്ത ഒരു ഗവൺമെന്റ്, അതിന്റെ കുറ്റവും ഞങ്ങളുടെ തലയിലാണ് ചുമത്തുന്നത്. പാവപ്പെട്ട കശുവണ്ടിത്തൊഴിലാളികൾ, തേയിലത്തോട്ടം തൊഴിലാളികൾ, ഈ രാജ്യത്തിലെ പാവങ്ങളായ തൊഴിലാളികൾ മുഴുവൻ പട്ടിണി കിടക്കുമ്പോഴും അതിന്റെ കുറ്റം മുഴുവൻ ഞങ്ങളുടെ തലയിൽ, ഇന്ന് ശ്രീ. ബാബു ദിവാകരൻ ഇവിടെ പറഞ്ഞു, ഏറ്റെടുക്കാൻ നിവൃത്തിയില്ല, പട്ടിണി യൊന്നുമില്ല, ഇരുപത്തിനാലായിരത്തോളം തൊഴിലാളികൾ കേരളത്തിൽ ഇരുപത് മാസമായി പണിയില്ലാതെ കിടക്കുകയല്ലേ, ഈ കേരളത്തിൽ കശുവണ്ടി ഫാക്ടറികൾ ഗവൺമെന്റ് ഏറ്റെടുത്തതൊന്നും വെറുതെ ഏറ്റെടുത്തതല്ല, ദിനേശ് ബീഡി സഹകരണസംഘം ഈ കേരളത്തിൽ ഉണ്ടായത് വെറുതെ ഉണ്ടായതല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇനി അങ്ങേയ്ക്ക് രണ്ടു മിനിട്ടേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ: കേരളത്തിലെ തുണിമില്ലുകൾ ടെക്സ്റ്റയിൽ കോർപ്പറേഷന്റെ കീഴിൽ വന്നത് വെറുതെ ഉണ്ടായതല്ല, പാവപ്പെട്ട തൊഴിലാളികളെ തെരുവിലേക്ക് വലിച്ചെറിഞ്ഞ് അവരുടെ പണി നഷ്ടപ്പെടുത്തി, കൂലി നഷ്ടപ്പെടുത്തി, അവരെ പട്ടിണിയിലേക്ക് തള്ളിവിടുമ്പോൾ ആ തൊഴിലാളികളെ സംരക്ഷിക്കാൻ സ്ഥാപനങ്ങൾ ഏറ്റെടുക്കാൻ ഇവിടെ ഇച്ഛാശക്തിയോടുകൂടിയ ഗവൺമെന്റുകൾ ഉണ്ടായിരുന്നു. നിങ്ങൾ കയ്യും കെട്ടി നോക്കിയിരിക്കുകയല്ലേ, പൂട്ടിയാൽ നിങ്ങൾക്ക് നിവൃത്തിയില്ല, നിങ്ങൾ നിസ്സഹായരായി നോക്കിനിൽക്കുകയല്ലേ. കേരളത്തിൽ അറുപത് ലക്ഷത്തോളം തൊഴിലാളികൾ ഈ ഗവൺമെന്റിന്റെ കീഴിൽ പട്ടിണി കിടക്കുകയല്ലേ? നിങ്ങൾ പറയുന്നത് പട്ടിണികിടന്ന് ആത്മഹത്യ ചെയ്തില്ല, മരിച്ചില്ല, എന്താണ്. അങ്ങനെ പറഞ്ഞതുകൊണ്ടായോ? ഒരു വാക്കുകൂടി പറയട്ടേ. കേരളത്തിൽ നിങ്ങളുടെ ഗവൺമെന്റിന് എതിരായ ഏറ്റവും വലിയ കുറ്റപ്പത്രം ഇന്ന് കോഴിക്കോട് വിജിലൻസ് കോടതിയുടെ മുൻപാകെ വയനാട് കൽപ്പറ്റയിലുള്ള മെത്രാപോലീത്ത നിങ്ങളുടെ സർക്കാരിനെതിരായി, നിങ്ങളുടെ മന്ത്രിക്കെതിരായി നിങ്ങളുടെ നേതാക്കൾക്കെതിരായി അഴിമതിയാരോപണത്തിന് തെളിവ് കൊടുത്തിരിക്കുകയല്ലേ, നിലവിലുള്ള മന്ത്രിമാരുടെ പേരിൽ—

മി. ഡെപ്യൂട്ടി സ്പീക്കർ: യേസ്, യേസ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: ഇവിടെ കേസ് പിൻവലിക്കുന്നു, ധൂർത്തുകൾ ഒഴിവാക്കുന്നു, ഇവിടെ പ്രതിപക്ഷ നേതാവ് ഒരു ആരോപണമുന്നയിച്ചപ്പോൾ തിരുത്തിയെന്ന് പറഞ്ഞു. എന്ന് തിരുത്തി? അറുപത് ലക്ഷം രൂപയുടെ ആരോപണമല്ലേ ഉന്നയിച്ചത്. ഇന്ന് ബിഷപ്പ് നിങ്ങൾക്കെതിരായി—

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്, പ്ലീസ്,

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ ഒരു വാക്കുകൂടി പറഞ്ഞ് അവസാനിപ്പിക്കാം. അതുകൊണ്ട് മിനിസ്റ്റർ ഇവിടെ മറുപടി പറയുമ്പോൾ— എത്രയെത്ര കേസുകൾ നിങ്ങൾ വിത്ത്ഡ്രാ ചെയ്തു.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങയുടെ സമയം തീർന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ: ഇവിടെ കേരളത്തിൽ—(മൈക്ക് ഓഫ്)—

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ, ശ്രീ. കെ. പി. രാജേന്ദ്രൻ അങ്ങ് ചെയറിനെ അനുസരിക്കണം.

ശ്രീ. കെ. പി. രാജേന്ദ്രൻ: ഇത്തരം തെറ്റായ നടപടികളെ —(മൈക്ക് ഓഫ്)—

മി. ഡെപ്യൂട്ടി സ്പീക്കർ: യേസ്—യേസ് , അങ്ങ് നിർത്തണം, പ്ലീസ് ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: സർ, 2004-ലെ കേരള ധനവിനിയോഗ ബില്ലുകളേയും 2004-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലിനേയും ഞാൻ അനുകൂലിക്കുകയാണ്. ഇവിടെ പലരും 11.30 A.M.] സംസാരിച്ചു. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. ഈ ഗവൺമെന്റിന്റെ ആദ്യത്തെ ജോലി നിങ്ങളുടെ കാലത്തുണ്ടാക്കിയ കടം തീർക്കുന്നതായിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യം ശ്രീ. കെ. പി. രാജേന്ദ്രൻ ഇവിടെ പറഞ്ഞല്ലോ? തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 650 കോടി രൂപ കുടിശ്ശികയുണ്ടായിരുന്നു. അത് കൊടുത്തു തീർത്തു. കൂടാതെ 2003 ആഗസ്റ്റ് 31-നുവരെ നിങ്ങൾ കുറേ വണ്ടിച്ചെക്കുകൾ കൊടുത്തിരുന്നല്ലോ? അത് മുഴുവനും ഞങ്ങൾ കൊടുത്തുതീർത്തു. സർക്കാർ ജീവനക്കാരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ കുടിശ്ശിക ഉൾപ്പെടെ ഞങ്ങൾ കൊടുത്തുതീർത്തു. അത് മാത്രമല്ല, ആനുകൂല്യങ്ങളെല്ലാം റിട്ടയർമെന്റിനോടൊപ്പംതന്നെ അനുവദിച്ചു നൽകുന്നതിനുള്ള നടപടികളും എടുത്തു. കോൺട്രാക്ടർമാർക്ക് മുൻ സർക്കാർ ബാക്കി വച്ച മുഴുവൻ തുകയും നൽകുക മാത്രമല്ല, ഈയിനത്തിൽ 1700 കോടി രൂപ ഈ സർക്കാർ കൊടുത്തു തീർക്കുകയും ചെയ്തു. സർക്കാർ ലോട്ടറി ടിക്കറ്റടിച്ചാൽ അത് കൊടുക്കാത്ത സർക്കാരായിരുന്നു നിങ്ങളുടെ സർക്കാർ. ഈയിനത്തിൽ 7.51 കോടി രൂപയായിരുന്നു ബാക്കി. അത് മുഴുവനും കൊടുത്തുതീർത്തു. അതുപോലെതന്നെ 17 മാസത്തെ സാമൂഹ്യക്ഷേമ പെൻഷനുകൾ കൊടുക്കാനുണ്ടായിരുന്നു അത് നൽകുന്നതിന് 2003 ഫെബ്രുവരിയിലെ ഉപധനാഭ്യർത്ഥനവഴി 96 കോടി രൂപ മാറ്റിവച്ചു. എത്ര പെൻഷനുകളായിരുന്നു കൊടുക്കാൻ ബാക്കിയുണ്ടായിരുന്നത്? വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, അഗതികൾക്കുള്ളത്, ക്ഷയരോഗികൾക്കുള്ളത്. ഇതുപോലെ കൊള്ള നടത്തിയ ഒരു സർക്കാരുണ്ടോ? സാമൂഹ്യക്ഷേമ പെൻഷനുകൾക്ക് മാത്രമായി ബഡ്ജറ്റിൽ 150 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. അതുപോലെതന്നെ സർക്കാർ ജീവനക്കാർക്ക് 32 മാസത്തിനുള്ളിൽ 27 ശതമാനം ഡി. എ. അനുവദിച്ചു. 17 ശതമാനം കൊടുത്തുകഴിഞ്ഞു. ബാക്കി 10 ശതമാനം അടുത്ത സാമ്പത്തികവർഷം കൊടുക്കുന്നതിനുള്ള നടപടികൾ ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. എൽ.ഡി.എഫ്. സർക്കാർ നടപ്പിലാക്കിയ ശമ്പള പരിഷ്ക്കരണ കുടിശ്ശിക പി.എഫ്.-ൽ ലയിപ്പിച്ചിരുന്നു. ഏകദേശം 800 കോടിയോളം രൂപ ജീവനക്കാർക്ക് 2002 ഒക്ടോബർ മുതൽ പണമായി നൽകിത്തുടങ്ങി. നിങ്ങൾ ഭരിച്ച് ശവപ്പറമ്പാക്കി മാറ്റിയിരുന്ന സംസ്ഥാനത്ത് ഇന്ന് പ്രതീക്ഷയുടെ പുതിയ നാമ്പുകൾ കണ്ടുതുടങ്ങിയിരിക്കുന്നു. വളരെ ശക്തമായ ധനകാര്യ മാനേജുമെന്റ് നടത്തിയതിന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയെ മുക്തകണ്ഠം പ്രശംസിച്ചാലും മതിയാകില്ല. കാരണം ശവപ്പറമ്പായിരുന്നു കേരളം. വ്യാവസായിക കാർഷിക രംഗത്ത് പുതിയ ഉണർവ്വുണ്ടായിരിക്കുന്നു. ഐ.ടി. രംഗത്തും ബയോ ടെക്നോളജി രംഗത്തും ഒരുപാട് പേർക്ക് തൊഴിലവസരങ്ങൾ; പുതിയ പുതിയ പ്രതീക്ഷകൾ ഉണ്ടാക്കുന്ന

ധാരാളം കാര്യങ്ങൾ ചെയ്തുവരികയാണ്. വികസന രംഗം ത്വരിതഗതിയിൽ മുന്നോട്ടുപോകുന്നു. 2001-02 വർഷത്തെ Plan Expenditure 2473 കോടി രൂപയായിരുന്നു. 2002-03-ൽ അത് 3973 കോടി രൂപയായി Planned Expenditure കൂടുക മാത്രമല്ല Non-Plan Expenditure കുറഞ്ഞുകൊണ്ടിരുന്നു. അതുപോലെ 2001-02-ലേതിനേക്കാൾ 2002-03 വർഷം 905 കോടി രൂപ നികുതി വരുമാനത്തിൽ അധികമാണ്. നമ്മുടെ നാട്ടിൽ വരുന്ന മാറ്റങ്ങൾ കണ്ടില്ലെന്ന് നടിച്ചതുകൊണ്ടായില്ല. രാഷ്ട്രീയ തിമിരം ബാധിച്ചവർക്ക് ഇതൊന്നും മനസ്സിലാകില്ല. വസ്തുതകൾ സത്യസന്ധതയോടുകൂടി വിലയിരുത്തണം. അതിന് നിങ്ങൾ തയ്യാറല്ല. കഴിഞ്ഞ കാലത്തെ ഭരണം ഓർക്കുമ്പോൾ ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് പറഞ്ഞ ഒരു വാചകം നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നിങ്ങളെ ഉദ്ദേശിച്ചാണ് പറഞ്ഞത്. "ത്യാഗികൾ പ്രസ്ഥാനം കെട്ടിപ്പടുക്കുന്നു. കാലക്രമേണ ഭോഗികൾ പ്രസ്ഥാനത്തെ കൈയ്യടക്കുകയും ചെയ്യുന്നു". ഇത് ശ്രീ. പിണറായി വിജയനേയും ശ്രീ. ഇ. കെ. നായനാരേയും ശ്രീ. വി. എസ്. അച്ചുതാനന്ദനേയും ശ്രീ. കോടിയേരി ബാലകൃഷ്ണനേയും ശ്രീ. കെ. പി. രാജേന്ദ്രനേയും സി. പി. എം., സി.പി.ഐ. നേതാക്കളെയും കണ്ടുകൊണ്ട് പറഞ്ഞതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ പറഞ്ഞ കാര്യം മനസ്സിൽ വച്ചുകൊണ്ട് ചോദിക്കുകയാണ്. മഹാത്മാഗാന്ധിയുടെ പടം ഇവിടെയുണ്ട്. അടുത്ത നിയമസഭാ സമ്മേളനമാകുമ്പോൾ ആ പടത്തിന്റെ ആവശ്യം വരില്ല. സാക്ഷാൽ അഭിനവ ഗാന്ധി ഇവിടെ മന്ത്രിയാകാൻ പോകുന്നു എന്ന കാര്യം, അങ്ങാണല്ലോ അദ്ദേഹത്തെ ഗാന്ധി എന്ന് പറഞ്ഞത്. ആ ഗാന്ധി തന്നെ ഇവിടെ വരാൻ പോകുന്ന സ്ഥിതിക്ക് ഗാന്ധിജിയുടെ പടം അടുത്ത നിയമസഭാ സമ്മേളനത്തിന് ഇവിടെ ഉണ്ടാകുമോ? അതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായമെന്താണ്? ഗാന്ധിജിക്ക് ശേഷമുണ്ടായിരിക്കുന്ന പുതിയ ഗാന്ധിജിയാണ് കെ.പി.സി.സി. പ്രസിഡന്റ് എന്ന് പറഞ്ഞ സ്ഥാനത്ത്, ആ പ്രസിഡന്റുതന്നെ ഇവിടെ വന്നിരിക്കാൻ പോകുമ്പോൾ ആ പടം മാറ്റേണ്ടി വരുമോ? എന്താണ് ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്ററുടെ അഭിപ്രായം?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: സർ, അത് ശ്രീ. പിണറായി വിജയന്റേയും ശ്രീ. കോടിയേരി ബാലകൃഷ്ണന്റേയും അഭിപ്രായം അറിഞ്ഞിട്ട് തീരുമാനിക്കാം. ഏതായാലും മഹാത്മാഗാന്ധി മഹാത്മാഗാന്ധി തന്നെയാണ്. ഞങ്ങളുടെ കാലത്തൊന്നും അത് മാറാൻ പോകുന്നില്ല.

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, ഒരു പാലക്കാട്ടുകാരൻ നശിപ്പിച്ച് വെണ്ണീറാക്കിയ കേരള സംസ്ഥാനത്തെ സാമ്പത്തിക രംഗത്തെ ഈജിപ്ഷ്യൻ പുരാണത്തിലെ ഫീനിക്സ് പക്ഷിയെപ്പോലെ ഉയർത്തിക്കൊണ്ടുവന്ന മറ്റൊരു പാലക്കാട്ടുകാരനെക്കുറിച്ചുള്ള അങ്ങയുടെ അഭിപ്രായമെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: സർ, അതല്ലേ ഞാൻ ആദ്യം പറഞ്ഞത്. ശവപ്പറമ്പുപോലെയാക്കിയ അവസ്ഥയിൽ നിന്നും മെച്ചപ്പെട്ട ധനകാര്യ മാനേജുമെന്റിലൂടെ ഇന്ന് കേരളം ഉയർത്തെഴുന്നേറ്റുവരികയാണ്. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ ഒരു കമ്മട്ടേഷൻ ഞാൻ പറഞ്ഞില്ലേ? അത് നിങ്ങളെ ഉദ്ദേശിച്ച് പറഞ്ഞതാണ്, കഴിഞ്ഞ കാലത്തെ ഭരണത്തെ ഉദ്ദേശിച്ച് പറഞ്ഞതാണ്. കഴിഞ്ഞ കാലത്തെ ഭരണത്തിന്റെ ചെയ്തികളുമായി തട്ടിച്ചു നോക്കുമ്പോൾ അദ്ദേഹം പറഞ്ഞിട്ടുള്ള കാര്യം എത്ര പ്രസക്തമാണ്. കഴിഞ്ഞ കാലത്തെ ഗവൺമെന്റിൽ അഴിമതി ആരോപണത്തിന് വിധേയരാകാത്തവർ ആരെങ്കിലുമുണ്ടായിരുന്നോ?—ശ്രീ. ഇ. കെ. നായനാർ, ശ്രീ. പിണറായി വിജയൻ, ശ്രീ. ശിവദാസമേനോൻ, ശ്രീ. കെ. ഇ. ഇസ്മയിൽ—ഇങ്ങനെ മൂല്യച്യുതി വന്ന ഒരു പ്രസ്ഥാനമുണ്ടോ? ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതൊക്കെ സമരങ്ങളാണ് നിങ്ങൾ നടത്തിയത്--മുത്തങ്ങ സമരം, മതികെട്ടാൻമല സമരം, സ്വാശ്രയ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള സമരം. നിങ്ങൾ ഫിക്സഡ് ഡെപ്പോസിറ്റുമായിട്ട് നടന്നു. ഫിക്സഡ് ഡെപ്പോസിറ്റിന് ബ്ലേഡ് പലിശ ഈടാക്കാമെന്ന് വിചാരിച്ചു. പത്ത് നയാപൈസ കിട്ടിയോ? ഇതിനേക്കാൾ നിങ്ങളുടെ മുന്നണിയെ അപഹാസ്യമാക്കാനുണ്ടോ? അധികാരത്തിനുവേണ്ടി ഇത്രയധികം ദാഹമാണോ? ആർത്തിവേണോ? ഞാൻ അതിനെക്കുറിച്ചൊന്നും പറയുന്നില്ല. എല്ലാ വൃത്തികെട്ട അടവുകളും പ്രയോഗിച്ച് ജനാധിപത്യത്തിന്റെ ചരിത്രത്തിൽ നിങ്ങളെപ്പോലെ മുഖം വികൃതമാക്കിയ ഒരു പ്രസ്ഥാനമുണ്ടോ?—സി.പി.ഐ., സി.പി.എം. അടക്കമുള്ള ഇടതുപക്ഷ മുന്നണി ഞങ്ങളുടെ പാർട്ടിക്കകത്തൊക്കെ അഭിപ്രായ വ്യത്യാസമുണ്ടാകും. മഹാത്മാഗാന്ധിയുടെ കാലത്തുപോലും അഭിപ്രായ വ്യത്യാസമുണ്ടായിട്ടുള്ള പ്രസ്ഥാനമാണ്. മഹാത്മാഗാന്ധി ഒഴിഞ്ഞ അഖിലേന്ത്യാ കോൺഗ്രസ് കമ്മിറ്റിയുടെ അദ്ധ്യക്ഷ പദവിയിലേക്കുള്ള സ്ഥാനാർത്ഥി പട്ടാഭി സീതാരാമയ്യയ്ക്ക് എതിരെ സുഭാഷ് ചന്ദ്ര ബോസ് മത്സരിച്ച് ജയിച്ച പ്രസ്ഥാനമാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്. ഗാന്ധിജിക്ക് വേദനിച്ചു എന്നറിഞ്ഞപ്പോൾ സുഭാഷ് ചന്ദ്ര ബോസ് രാജിവച്ചു പോയി. രണ്ട് കാലിലും മന്തുള്ളവൻ ഒരു വിരലിൽ അൽപം വീക്കമുള്ളവനെ മന്താ എന്ന് വിളിക്കുന്നതുപോലെയാണ് നിങ്ങൾ ഞങ്ങളെ ആക്ഷേപിക്കുന്നത്. നിങ്ങളുടെ പാർട്ടിയിലെ അഭിപ്രായ വ്യത്യാസം, അത് പറയാൻ സമയമില്ലാത്തതുകൊണ്ട് ഞാൻ പറയുന്നില്ല. ഞങ്ങളുടേത് അഭിപ്രായമുള്ള ആളുകളുടെ പാർട്ടിയാണ്. ഞങ്ങൾക്ക് അഭിപ്രായങ്ങളുണ്ടാകും, അഭിപ്രായങ്ങൾ പറയും, വ്യത്യസ്തമായ അഭിപ്രായങ്ങളുണ്ടാകും. വളരെ വിപുലമായ ജനാധിപത്യ പാർട്ടിയാണ് ഞങ്ങളുടേത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അച്ഛനും മകനുമാണ് കോൺഗ്രസിനെ തകർക്കുന്നതെന്ന് പറഞ്ഞത്, കെ. പി. പ്രഭാകരനേയും കെ. പി. രാജേന്ദ്രനേയും വിചാരിച്ചല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, കോൺഗ്രസിൽ യോജിപ്പ് വന്നാൽ ഏറ്റവും കൂടുതൽ വിഷമം മാസ്റ്റർക്കാണ് ഉണ്ടാകാൻ പോകുന്നത്. ആഴ്ചയ്ക്കാഴ്ചയ്ക്ക് പത്ര സമ്മേളനം നടത്താനുള്ള ചാൻസ് നഷ്ടപ്പെടും.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: സർ, എന്റെ ബഹുമാനപ്പെട്ട സുഹൃത്ത് ശ്രീ. കെ. പി. രാജേന്ദ്രൻ വരാൻ പോകുന്ന തെരഞ്ഞെടുപ്പിനെക്കുറിച്ച് പറഞ്ഞു. 'ആളൊരു കുനൻ, നിലവിളി അപാരം'. എന്ന് കേട്ടിട്ടില്ലേ? ഇന്ത്യാ മഹാരാജ്യത്ത് നടക്കുന്ന തെരഞ്ഞെടുപ്പാണ്. പൊന്നുരുക്കുന്നിടത്ത് പൂച്ചയ്ക്കെന്ത് കാര്യം? നിങ്ങൾ ഏത് സംസ്ഥാനത്താണുള്ളത്? നിങ്ങൾ ബി.ജെ.പി.-ക്ക് എതിരായിട്ട് വാചാലമായി സംസാരിക്കുന്നുണ്ടല്ലോ? നിങ്ങൾ എല്ലാക്കാലത്തും ബി.ജെ.പി.-യെ സഹായിച്ച പാർട്ടിയാണ്. ഇന്നും ഒളിഞ്ഞും തെളിഞ്ഞും ബി.ജെ.പി.-യെ സഹായിക്കുന്നുമുണ്ട്. മഹാനായിരുന്ന, രാജ്യത്തിന്റെ എല്ലാമായിരുന്ന രാജീവ്ഗാന്ധിക്കെതിരെ അഴിമതി ആരോപണം ഉന്നയിച്ചവരല്ലേ നിങ്ങൾ? ബോഫോഴ്സ് ആരോപണം. രാജീവ് ഗാന്ധി അഴിമതി രഹിതനാണെന്ന് പറഞ്ഞ് കോടതി വിധി വന്നിട്ടുപോലും അതിനെക്കുറിച്ചു നിങ്ങൾ പ്രതികരിച്ചില്ല. അതിനുള്ള സന്മനസ്സ് കാണിച്ചില്ല. നിങ്ങൾ പരസ്യമായി മാപ്പു പറയേണ്ട ആളുകളാണ്. ബോഫോഴ്സ് ആരോപണം, ഇന്ത്യാ രാജ്യത്ത് അങ്ങോളമിങ്ങോളം ഏറ്റവും കൂടുതൽ പ്രചരണം നടത്തിയത് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയാണ്. ആ പാതകം നിങ്ങൾ ഏറ്റെടുത്തേ പറ്റൂ. നിങ്ങളിപ്പോൾ അഖിലേന്ത്യാ തെരഞ്ഞെടുപ്പിൽ കാണിച്ചുതരാമെന്നൊക്കെയല്ലേ പറയുന്നത്. ഇപ്പോൾ രാജേന്ദ്രൻ പറഞ്ഞത് അതാണ്. ഒരു കാര്യം ചെയ്യാം, നമുക്ക് തെരഞ്ഞെടുപ്പ് കഴിയുമ്പോൾ പറഞ്ഞാൽ മതിയല്ലോ? കഴിഞ്ഞ കാലങ്ങളിലും കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പ് വന്നപ്പോഴും നിങ്ങൾ ചെയ്തിട്ടുള്ള കാര്യങ്ങളൊക്കെ പറഞ്ഞു. അവസാനം 40 ആളുകളായി അപ്പുറത്ത് ഇരിക്കേണ്ടി വന്നല്ലോ? ഇവിടെ കേരളത്തിലെ ജനങ്ങളുടെ ഇടയിൽ ഈ ഗവൺമെന്റിനെക്കുറിച്ചും അതുപോലെ ഐക്യജനാധിപത്യമുന്നണിയെക്കുറിച്ചും വ്യക്തമായ അഭിപ്രായമുണ്ട്. എറണാകുളത്ത് ചില പ്രത്യേക സാഹചര്യങ്ങളുണ്ടായിരുന്നു. അതിനുശേഷം തിരുവല്ല നടന്നല്ലോ? തിരുവല്ലയിൽ ഞങ്ങൾ ജയിച്ചില്ലേ? ഈ ഗവൺമെന്റിനെക്കുറിച്ച് ജനങ്ങളുടെ ഇടയിൽ അഭിപ്രായവ്യത്യാസമില്ല എന്നുള്ളതിന്റെ പ്രകടമായ തെളിവാണ് തിരുവല്ല ഉപതെരഞ്ഞെടുപ്പ്. എറണാകുളത്ത് ചില പ്രത്യേക സാഹചര്യങ്ങളിൽ അങ്ങനെയുണ്ടായി. അത് തിരുത്തിക്കൊണ്ട് തിരുവല്ലയിൽ ജയിച്ചില്ലേ? അതുകൊണ്ട് എനിക്ക് നിങ്ങളോട് പറയാനുള്ളത്, നിങ്ങൾ കപടമുഖം മാറ്റണം. ജനാധിപത്യ മതേതര മുന്നണിയെക്കുറിച്ചും മൂന്നാം മുന്നണിയെക്കുറിച്ചുമൊക്കെ നിങ്ങൾ സംസാരിക്കുന്നതല്ലേ? മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി എന്താണ് പറഞ്ഞിരിക്കുന്നത്? തെരഞ്ഞെടുപ്പിനു ശേഷം കോൺഗ്രസുമായി സഖ്യമാകാം. തെരഞ്ഞെടുപ്പിന് മുൻപേ സഖ്യമായാൽ എന്താണ് കുഴപ്പം? അപ്പോൾ നിങ്ങൾ

ആരെയാണ് സഹായിക്കുന്നത്? ജനാധിപത്യ മതേതര വോട്ടുകൾ ഭിന്നിച്ചു പോകാതിരിക്കാൻ അഖിലേന്ത്യാ തലത്തിൽ ജനാധിപത്യ മതേതര ശക്തികൾ ഒന്നായി നിൽക്കേണ്ടതിന് പകരം നിങ്ങൾ അവിടെ ചെയ്യുന്നത് ബി.ജെ.പി.-യെ സഹായിക്കുകയാണ്. കേരളത്തിൽ നമുക്ക് സഖ്യത്തിന്റെ ആവശ്യമില്ല. കേരളത്തിൽ ബി.ജെ.പി.-ക്ക് ഒരു അക്കൗണ്ട് തുറക്കാൻ കഴിയില്ല. പക്ഷേ വെസ്റ്റ് ബംഗാൾ പോലെയുള്ള സംസ്ഥാനങ്ങളുണ്ടല്ലോ? അവിടെ നിങ്ങളുടെ സമീപനമെന്താണ്? അവിടെ തെരഞ്ഞെടുപ്പ് കഴിഞ്ഞ് സഖ്യമാകാമെന്നാണോ? അവിടെ ജനാധിപത്യ മതേതര വോട്ടുകൾ ഭിന്നിച്ചുപോകുന്നതിനെക്കുറിച്ച് നിങ്ങൾക്ക് കാഴ്ചപ്പാടില്ലേ? ആവശ്യമുള്ള സ്ഥലത്ത് അൽപ്പം വല്ല സഹായവും ജനാധിപത്യ മതേതര ശക്തികളുടെ വിജയത്തിനുവേണ്ടി ചെയ്യാൻ നിങ്ങൾ തയ്യാറുണ്ടോ? ഇല്ല. അതാണ് പറഞ്ഞത്, നിങ്ങൾ എല്ലാ കാലത്തും ബി.ജെ.പി.-യെ ഒളിഞ്ഞും തെളിഞ്ഞും സഹായിച്ച ആളുകളാണെന്ന്. കോൺഗ്രസാണ് നിങ്ങളുടെ ഏറ്റവും വലിയ ശത്രു. കോൺഗ്രസിനെ തകർക്കാനാണ് നിങ്ങൾ എല്ലാ കാലത്തും ശ്രമിച്ചിരുന്നത്. ആ സമീപനത്തിൽ നിന്ന് നിങ്ങൾ മാറണം. നിങ്ങൾ.....

ശ്രീ. കെ. വി. കുഞ്ഞിരാമൻ: മാഷ് ഇടതുപക്ഷമാണ് ബി.ജെ.പി.-യെ സഹായിക്കുന്നതെന്ന് വാദിച്ച് സമർത്ഥിക്കുകയാണല്ലോ? കേരളത്തിലെ പാൽ സൊസൈറ്റികളിലും പഞ്ചായത്തുകളിലും പല സ്ഥലങ്ങളിലും ബി.ജെ.പി.-യുടെ സഹായം കൊണ്ട് കോൺഗ്രസിലെ പ്രധാനപ്പെട്ട നേതാക്കൻമാർ ഭരണം നടത്തുന്നുണ്ട്. എന്റെ മണ്ഡലത്തിലെ ചെമ്മനാട് പഞ്ചായത്തിലും അതുപോലെ പ്രഗത്ഭമായ ഒരുപാട് സ്ഥലങ്ങളിലുമുണ്ട്. അതെങ്കിലും ഒഴിവാക്കാനാവശ്യമായ സാമാന്യ മര്യാദ അങ്ങയുടെ പാർട്ടി കാണിക്കുമോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: കുഞ്ഞിരാമന്റെ മണ്ഡലമാണോ ഇൻഡ്യ? ഇൻഡ്യാ രാജ്യം എവിടെ കിടക്കുന്നു. കുഞ്ഞിരാമന്റെ മണ്ഡലം എവിടെ കിടക്കുന്നു?

ശ്രീ. പി. ടി. തോമസ്: ബഹുമാനപ്പെട്ട രാമചന്ദ്രൻ മാസ്റ്റർ, നമ്മൾ തിരുവല്ലയിൽ തെരഞ്ഞെടുപ്പിന് പോയപ്പോൾ കണ്ടതല്ലേ. തിരുവല്ല മുനിസിപ്പാലിറ്റി ബി.ജെ.പി.-യും സി.പി.എം.-ഉം ഒന്നിച്ചല്ലേ ഭരിക്കുന്നത്? എന്റെ നിയോജക മണ്ഡലമായ തൊടുപുഴ മുനിസിപ്പാലിറ്റിയും ബി.ജെ.പി.-യും സി.പി.എം-ഉം ഒന്നിച്ചു ഭരിക്കുകയാണ്. എന്നിട്ടാണ് ഈ ഗിരിപ്രഭാഷണം നടത്തുന്നത്. അത് മാഷിന് അറിയാവുന്നതല്ലേ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: ഇതൊക്കെ അവരുടെ ജനാധിപത്യ മതേതര പൊയ്മുഖമാണ്. ഇവരുടെ യഥാർത്ഥത്തിലുള്ള ചിന്ത എങ്ങനെയെങ്കിലും ബി.ജെ.പി. അധികാരത്തിൽ വരണമെന്നുള്ളതാണ്. അതിന് സഹായകരമായിട്ടുള്ള നിലപാടാണ് എല്ലാ കാലത്തും.....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: രാമചന്ദ്രൻ മാഷ് ഇപ്പോൾ പറയുന്നത് വളരെ ഗൗരവമുള്ള ഒരു പ്രശ്നമാണ്. പക്ഷേ കോൺഗ്രസിന് ശക്തിയുള്ള എല്ലാ സംസ്ഥാനങ്ങളിലുമാണ് ബി.ജെ.പി.-ക്ക് അധികാരം കിട്ടിയിട്ടുള്ളത്. ഇടതുപക്ഷത്തിന് ശക്തിയുള്ള മൂന്ന് സംസ്ഥാനങ്ങളിൽ ബി.ജെ.പി.-ക്ക് കാലുകുത്താൻ സ്ഥലം കിട്ടുന്നില്ല. കോൺഗ്രസിന് ബി.ജെ.പി.-യെ നേരിടാൻ കഴിയില്ല എന്നുള്ളതിന്റെ എറ്റവും വലിയ തെളിവല്ലേ അത്? നിങ്ങൾ സ്വീകരിക്കുന്ന നയം, ബി.ജെ.പി.-ക്ക് വളരാനുള്ള സാഹചര്യമാണ് നിങ്ങൾ സൃഷ്ടിച്ചുകൊടുക്കുന്നത് എന്ന കാര്യം എന്താണ് നിങ്ങൾ അംഗീകരിക്കാത്തത്?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: നിങ്ങൾ ഇപ്പോൾ പറയുന്നത്, തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ കോൺഗ്രസുമായി സഖ്യമാകാം എന്നല്ലേ? തെരഞ്ഞെടുപ്പിന് മുൻപായാൽ എന്താണ് കുഴപ്പം?.....(ബഹളം)..... തെരഞ്ഞെടുപ്പിന് മുൻപേ ജനാധിപത്യ മതേതര ശക്തികളുടെ വോട്ടുകൾ ഭിന്നിച്ചു പോകാതിരിക്കാൻ കോൺഗ്രസും സി.പി.എം-ഉം അടക്കം ഇടതുപക്ഷ ജനാധിപത്യ ശക്തികളൊക്കെ ഒന്നായി നിന്ന് മത്സരിച്ചാൽ എന്താണ് കുഴപ്പം? നിങ്ങൾ അതിന് തയ്യാറില്ലല്ലോ. അതല്ലേ പ്രശ്നം. അഖിലേന്ത്യാ തലത്തിൽ നിങ്ങൾ അതിന് തയ്യാറില്ല. നിങ്ങൾ പറയുന്നത്, തെരഞ്ഞെടുപ്പ് കഴിഞ്ഞതിന് ശേഷം സഖ്യമാകാമെന്നാണ്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: നിങ്ങളുമായിട്ട് സഖ്യത്തിന് ആണുങ്ങൾ വല്ലവരും വരുമോ? നിങ്ങളുമായിട്ട് യാതൊരു സഖ്യവുമില്ല. തെരഞ്ഞെടുപ്പിനു ശേഷമെന്നുള്ള നിലയിൽ കഞ്ഞി വച്ച് ഇരിക്കുകയാണോ? ഒരു ചുക്കും നടക്കാൻ പോകുന്നില്ല.

[അദ്ധ്യക്ഷവേദിയിൽ മിസ്റ്റർ സ്പീക്കർ]

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: മാർക്സിസ്റ്റ് പാർട്ടിക്കകത്തുള്ള അഭിപ്രായ വ്യത്യാസം ഇപ്പോൾ പുറത്തുവന്നല്ലോ. കാരണം കേരളത്തിന് പുറത്ത് നമ്മളുമായി പലയിടത്തും ഇവർക്ക് സഖ്യമുണ്ടല്ലോ. മാർക്സിസ്റ്റുകാരാരും ആണുങ്ങളല്ല എന്നാണ് ഇപ്പോൾ പ്രതിപക്ഷ നേതാവ് പറയുന്നത്. അത് ശരിയാണോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: നിങ്ങളിപ്പോൾ കോൺഗ്രസുമായി സഖ്യമുണ്ടാക്കില്ല എന്നല്ലേ പറയുന്നത്? നിങ്ങൾ ഈ അഞ്ചെട്ട് മാസം നടത്തിയ നാടകമെന്താണ്? നിങ്ങൾ ആരുമായിട്ട് സഖ്യമുണ്ടാക്കാനാണ് തീരുമാനിച്ചത്? ഞാനത് പറയണോ? അത് നടക്കാത്തതുകൊണ്ടല്ലേ.....

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ദ്രിഗ് വിജയ്സിംഗ് ഇപ്പോൾ എവിടെയിരിക്കുന്നു? രാജസ്ഥാനിൽ എന്ത് പറ്റി?.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: .....(മൈക്ക് ഓഫ്)..... മദ്ധ്യപ്രദേശിൽ കോൺഗ്രസ് തകർന്നാലും ബി.ജെ.പി. വിജയിച്ചു. അതാണ് ഇവർക്ക് സന്തോഷം എന്നല്ലേ ഈ പറയുന്നതിന്റെ അർത്ഥം. .....(ബഹളം).....

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: മാർക്സിസ്റ്റ് പാർട്ടി ഭരിക്കുന്ന സ്ഥലങ്ങളിൽ ബി.ജെ.പി.-ക്ക് കാലുകുത്താൻ സാധിക്കുന്നില്ല എന്നുള്ളതാണ് മാഷിനോട് ഞങ്ങൾ പറഞ്ഞ് മനസ്സിലാക്കുന്നത്.

ശ്രീ. ടി. എൻ. പ്രതാപൻ: ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറയുന്നത്, ഏതെങ്കിലും മാന്യൻമാരായ ആളുകൾ കോൺഗ്രസുമായി കൂടുമോ എന്നല്ലേ? ഇന്നലെ എ. ഐ. സി. സി. പ്രസിഡന്റും പ്രതിപക്ഷനേതാവുമായ സോണിയാ ഗാന്ധിയുടെ വീട്ടിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ പാർലമെന്ററി പാർട്ടി നേതാവ് ഉൾപ്പെടെയുള്ള ആളുകൾ, സ്വാമിനാഥ ചാറ്റർജി ഉൾപ്പെടെയുള്ള ആളുകൾ പോയി ചർച്ച നടത്തി ബി.ജെ.പി.-ക്കെതിരെ ദേശീയ തലത്തിൽ യോജിക്കേണ്ട കാര്യം പറഞ്ഞു. അതിനർത്ഥം ബഹുമാനപ്പെട്ട പോളിറ്റ് ബ്യൂറോ മെമ്പർ കൂടിയായ പ്രതിപക്ഷനേതാവ് സോമനാഥ് ചാറ്റർജി ഉൾപ്പെടെയുള്ള അഖിലേന്ത്യാ നേതാക്കളെ അംഗീകരിക്കില്ല എന്നുള്ളതാണോ? പ്രതിപക്ഷനേതാവ് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ സോമനാഥ് ചാറ്റർജി മാന്യനല്ലേ? മാഷിന്റെ അഭിപ്രായമെന്താണ്?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: പ്രതിപക്ഷനേതാവിന് ആണാരാ പെണ്ണാരാ എന്ന് തിരിച്ചറിയാൻ കഴിയില്ലെങ്കിൽ എനിക്ക് എന്ത് ചെയ്യാൻ കഴിയും? .....(ബഹളം).....അക്കാര്യത്തിൽ എനിക്ക് ഒന്നും ചെയ്യാൻ കഴിയില്ല. അതുകൊണ്ട് ഒരു കാര്യം നിങ്ങൾ ചെയ്യണം. നിങ്ങൾ ഈ രാജ്യത്ത് ബി.ജെ.പി.-യെ എതിർക്കാനാണ്, ബി.ജെ.പി.-യെ അധികാരത്തിൽ നിന്ന് മാറ്റാനാണ് ശ്രമിക്കുന്നതെങ്കിൽ ജനാധിപത്യ മതേതര ശക്തികളുടെ സഖ്യത്തിന് വേണ്ടി അഖിലേന്ത്യാ തലത്തിൽ ഒരു ശ്രമം നടത്തണം. ആണും പെണ്ണും തിരിച്ചറിയാത്ത പ്രതിപക്ഷനേതാവിനെക്കുറിച്ച് ഞാനൊന്നും പറയുന്നില്ല. ഞാൻ നിർത്തുന്നു. ഈ ധനവിനിയോഗ ബില്ലുകളെ ഒരിക്കൽക്കൂടി അനുകൂലിക്കുന്നു .....(ബഹളം).....

മി. സ്പീക്കർ: അതൊക്കെ തമാശയായിട്ട് എടുക്കണം. അതൊന്നും കാര്യമാക്കരുത്.

ശ്രീ. സാജുപോൾ: സർ, ഞാൻ ധനവിനിയോഗ ബില്ലുകളേയും വോട്ട് ഓൺ അക്കൗണ്ടിനേയും എതിർക്കുകയാണ്. ഇവിടെ നയപ്രഖ്യാപന പ്രസംഗത്തിന്റെയും ബഡ്ജറ്റ് ചർച്ചയുടേയും ഇപ്പോൾ ഈ ധനവിനിയോഗ ബില്ലുകളുടേയും ഒക്കെ ഭാഗമായി ബഹുമാന്യനായ രാമചന്ദ്രൻ മാസ്റ്റർ വരെയുള്ളവർ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ നേട്ടങ്ങളെ തിരസ്ക്കരിച്ചും ഇല്ലാത്ത കോട്ടങ്ങൾ ആരോപിച്ചും ഈ

ഗവൺമെന്റിന്റെ ഗുരുതരമായ വീഴ്ചകൾ മറച്ചുവച്ചും ആരും കാണാത്ത മഹത്വങ്ങൾ വച്ചുകെട്ടിയുമൊക്കെയാണ് സംസാരിച്ചിട്ടുള്ളത്. ഈ ഗവൺമെന്റ് 14,130 കോടി രൂപയായി പൊതുകട ബാദ്ധ്യതകൾ വർദ്ധിപ്പിക്കുകയും 5,000 കോടി രൂപയുടെ സർവ്വീസ് ചാർജുകൾ ഈ രണ്ടേമുക്കാൽ വർഷത്തിനിടയ്ക്ക് ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുകയും ചെയ്തു. അധിക നികുതിഭാരങ്ങളുടേയും അതുപോലെതന്നെ മൂലധന ചെലവ് കുറഞ്ഞതിന്റേയും പദ്ധതി വെട്ടികുറച്ചതിന്റേയും നികുതി വരുമാനം കുറഞ്ഞതിന്റേയുമൊക്കെ അടിസ്ഥാനത്തിൽ കേന്ദ്ര സഹായം വൻതോതിൽ കേരളത്തിന്റെ കേസ് വാദിച്ച് വാങ്ങിയെടുക്കാൻ കഴിഞ്ഞിട്ടില്ല. കേന്ദ്രത്തിൽ നിന്ന് കൂടുതൽ ആനുകൂല്യങ്ങൾ വാങ്ങിയെടുക്കുന്ന കാര്യത്തിൽ വിജയിക്കുമെന്ന് ധനകാര്യ കമ്മീഷന്റെ ചർച്ചയുമൊക്കെയായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം ഇവിടെ പ്രഖ്യാപിച്ചിട്ടും ഒടുവിൽ കേന്ദ്ര ബഡ്ജറ്റിലടക്കം കേരളത്തോട് കടുത്ത അവഗണന കാണിച്ചപ്പോഴും കുമരകത്ത് വന്ന് പ്രഖ്യാപിച്ച പാക്കേജും ജിം-ൽ പ്രഖ്യാപിച്ച 10,000 കോടി രൂപയും വരൾച്ച, പ്രളയ ദുരിതാശ്വാസവും ലഭിക്കാത്തതിന്റേയും ഈ ബഡ്ജറ്റിൽ ആനുകൂല്യങ്ങൾ കിട്ടാത്തതിന്റേയുമൊക്കെ അടിസ്ഥാനത്തിലായിരിക്കാം ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി തൊപ്പിയൂരുകയും തലകുനിക്കുകയുമൊക്കെ ഇവിടെ ചെയ്തത്. വൈദ്യുതി ഉൽപ്പാദന വർദ്ധനവ് പരാജയപ്പെട്ടു, തൊഴിലില്ലായ്മ പരിഹരിക്കുന്നതിൽ പരാജയപ്പെട്ടു. അങ്ങനെ നിരവധിയായ പരാജയപ്പെടലുകൾക്കിടയിൽ തെറ്റുകൾ തിരുത്തി എന്നെല്ലാം ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം ഇവിടെ പ്രഖ്യാപിക്കുകയുണ്ടായി. ഇതിന് മുൻപുള്ള ഗവൺമെന്റുകളുടെ തെറ്റുകളും തിരുത്തുമെന്ന് പറഞ്ഞു. ശിവഗിരിയിലും അതുപോലെതന്നെ എൻ.എസ്.എസ്.-ന്റേയുമൊക്കെ മുൻപിൽ മാപ്പ് അപേക്ഷിച്ചത് നമ്മൾ കണ്ടതാണ്. അങ്ങനെയാണെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ തെറ്റുപറ്റി എന്നുപറഞ്ഞ ചാരായ നിരോധനത്തിന്റെ പേരിൽ കേരളത്തിലെ ജനങ്ങളോട് മാപ്പ് പറയാൻ വേണ്ടി തയ്യാറാകണം. ആ നിരോധനത്തിന്റെ അശാസ്ത്രീയമായ നടപടിയുടെ ഫലമായി ഇന്ന് കേരളത്തിലെമ്പാടും വ്യാജമദ്യവും വ്യാജ ചാരായവുമൊക്കെ ഒഴുകുകയാണ്. തെങ്ങിൽ ഇടിച്ചാൽ പന മറിയുന്ന തരത്തിൽ, അമ്മ കുടിച്ചാൽ മോൾ കൂത്താടുന്ന തരത്തിലുള്ള സാധനമാണ് ഇന്ന് കേരളമൊട്ടാകെ ലഭിച്ചുകൊണ്ടിരിക്കുന്നത് എന്നുള്ളത് വസ്തുതയാണ്. 'ജിം' പരാജയപ്പെട്ടതിന്റെ പാപഭാരം, പ്രൊഫഷണൽ വിദ്യാഭ്യാസം പാവങ്ങൾക്ക് അന്യമാക്കിയതിന്റെ പാപഭാരം, സംവരണാനുകൂല്യങ്ങൾ നഷ്ടപ്പെട്ടതിന്റെ പാപഭാരം, പരമ്പരാഗത മേഖലകൾ തകർന്നതിന്റെ, ജൈവവൈവിദ്ധ്യ സമ്പത്തുകൾ കൊള്ളയടിച്ചതിന്റെ, പ്രകൃതി വിഭവങ്ങൾ നശിപ്പിച്ചതിന്റെ, ക്ഷേമപദ്ധതികൾ തകർത്തതിന്റെ ഇങ്ങനെയെല്ലാം കൂടി മാപ്പപേക്ഷിക്കാൻ വേണ്ടി ഒരു പ്രത്യേക വകുപ്പ് തന്നെ പ്രകടന പത്രികയിലും നയപ്രഖ്യാപനത്തിലുമൊക്കെ വേണം. ഇന്ന ഇന്ന കാര്യങ്ങളിൽ മാപ്പപേക്ഷിക്കുമെന്ന് പ്രത്യേകമായി എഴുതി ചേർത്താൽ

LIBRARY ARCHIVES Kerala Legislative Assembly

തരക്കേടില്ല. ഇവിടെ എല്ലാ മേഖലകളിലും തൊഴിൽ സമരങ്ങൾ എല്ലാവരും ചേർന്ന് നടത്തിയിട്ടുള്ളതാണ്. ഐ.എൻ.റ്റി.യു.സി. ഉൾപ്പെടെയുള്ള എല്ലാ സംഘടനകളും ചേർന്ന് നടത്തിയ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും ഒക്കെ സമരങ്ങൾ, എന്നിട്ടും ഇവിടെ വ്യവസായം വരാത്തതിന്റെ പേരിലൊക്കെ പ്രതിപക്ഷത്തിന്റെ മേൽ കുതിര കയറുന്നത് നിഷ്ഫലമായ വ്യായാമം മാത്രമാണ്. ഒരുപാട് ബുക്ക്‌ലെറ്റുകൾ ഞങ്ങൾക്ക് ലഭിക്കുന്നുണ്ട്. സെറിഫെഡിന്റെ 'സെറികൾച്ചറൽ വികസനം സിൽക്ക് വിപ്ലവത്തിലേയ്ക്ക്' എന്നു പറഞ്ഞിട്ട് ഏറ്റവും ഒടുവിൽ ലഭിച്ച ലഘുലേഖയാണിത്. കഴിഞ്ഞ ആറ് മാസക്കാലമായി അവർക്ക് ശമ്പളം കിട്ടിയിട്ട്. ബഹുമാന്യരായ രാജൻ ബാബുവും ആര്യാടനുമൊക്കെ ഭാരവാഹികളായിട്ടുള്ള സംഘടനകൾ അവിടെയുണ്ടല്ലോ, അതുപോലെ ഗ്രന്ഥശാലകളെ സഹായിച്ചിട്ടില്ല. എത്രയോ വ്യവസായ സ്ഥാപനങ്ങൾ പൂട്ടി, വാഹനാപകടങ്ങൾ പെരുകി, ആത്മഹത്യകൾ പെരുകി, ഗ്രാമസഭകൾ കൂടുന്നില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിശ്ചലമായി, ഇങ്ങനെ എത്രയോ കാര്യങ്ങൾ നമുക്ക് ചൂണ്ടിക്കാണിക്കാൻ കഴിയും. ഇതിനെല്ലാം ഇടയിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു ഞങ്ങൾ ഒരു കുടുംബമാണെന്ന്. ഇങ്ങനെയൊക്കെ പറഞ്ഞാലും ഇന്നലെവരെ നടന്നത് ആർക്കെങ്കിലും കാണാതിരിക്കാൻ കഴിയുമോ? പരസ്പരം എന്തൊക്കെയാണ് വിളിച്ചത്. വാഴനാര്, കൗപീനാഗ്രം അതുപോലെതന്നെ ഇറച്ചിവെട്ടുകാരൻ, പ്രകോപനസമിതി, ചതിയൻ ചന്തു എന്നെല്ലാം പരസ്പരം വിളിച്ച ആളുകൾ ഇപ്പോൾ തെരഞ്ഞെടുപ്പ് കണ്ടിട്ട് പോർവിളി ഒക്കെനിറുത്തി. ഇനി ആ തെരഞ്ഞെടുപ്പ് കണ്ടുകൊണ്ടുള്ള അഴിമതികളാണ്. "എവിടെ തിരിഞ്ഞൊന്നു നോക്കിയാലും അവിടെയെല്ലാം പൂത്തമരങ്ങൾ മാത്രം" എന്നാണ് ചങ്ങമ്പുഴ പാടിയത്. 'എവിടെ തെരഞ്ഞെടുപ്പ് എത്തിയാലും അവിടെയെല്ലാം പൂത്തകറൻസികൾ മാത്രം' എന്നുള്ള നിലയ്ക്ക് ആക്കിത്തീർക്കാനുള്ള അഴിമതി, ബി.എഡ്. ഉൾപ്പെടെയുള്ള കാര്യങ്ങളിൽ നടത്തിക്കൊണ്ടിരിക്കുകയാണ്. ഞങ്ങൾക്ക് മോഹഭംഗം ഉണ്ടായി എന്നാണ് ബഹുമാനപ്പെട്ട രാമചന്ദ്രൻ മാസ്റ്റർ ഉൾപ്പെടെ പറഞ്ഞത്. ആർക്കാണ് മോഹഭംഗം വന്നത്? മന്ത്രിസ്ഥാനം മോഹിച്ചവർ, സ്പീക്കർ സ്ഥാനം മോഹിച്ച ആളുകൾ അവർക്കാണ് യഥാർത്ഥത്തിൽ മോഹഭംഗം ഉണ്ടായത്. എന്തുകൊണ്ടാണ് മോഹഭംഗമുണ്ടായത്? "അത്തി തളിർക്കുമ്പോൾ വേനൽ അടുത്തു എന്നറിഞ്ഞു കൊള്ളുക" എന്ന് ബൈബിളിലുണ്ട്. തെരഞ്ഞെടുപ്പ് അടുക്കുമ്പോൾ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനേയും മ്അദനി സാഹിബിനേയും ഓർക്കുന്ന ഒരു പാർട്ടിയുണ്ടല്ലോ, ആ പാർട്ടിയെ ഇപ്പുറത്തേയ്ക്ക് വേണ്ടായെന്ന് പറഞ്ഞ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ ഉറച്ച നയംകൊണ്ടാണ് ഇന്ന് പലരും അപ്പുറത്തിരിക്കുന്നത്. അങ്ങനെ ഇരിക്കുന്നതുകൊണ്ടാണ് മോഹഭംഗം വന്ന ആളുകൾ ഇപ്പോൾ അപ്പുറത്തിരുന്നു വിലപിച്ചുകൊണ്ടിരിക്കുന്നത്. അങ്ങനെ ഞങ്ങളെ പരിഹസിച്ച നിരവധി ആളുകൾ കീടനാശിനി വകുപ്പ് കൊടുത്ത് ഒരാളെ ഇങ്ങോട്ട് കൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

വരാൻവേണ്ടി പോകുകയല്ലേ? ആ ആളുകളെയൊക്കെ കൊണ്ടുവന്ന് എന്തെല്ലാം തരത്തിലുള്ള കോപ്രായങ്ങളാണ് ഇനി ഇവിടെ കാണിക്കാൻ പോകുന്നത് എന്നുള്ളത് നമുക്കറിയില്ല. ബഹുമാനപ്പെട്ട സ്പീക്കർതന്നെ, എന്റെ പാർട്ടി നശിക്കരുത്, കോൺഗ്രസ് പാർട്ടി നശിക്കരുത് എന്ന ആഗ്രഹം പ്രകടിപ്പിച്ചില്ലേ, പക്ഷേ ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിതന്നെ ബ്രഹ്മാവ് വന്നു പറഞ്ഞാലും പിൻവലിക്കില്ല എന്ന് പറഞ്ഞ് ഈ സഭയിൽ പ്രഖ്യാപിച്ചു. ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം പറഞ്ഞു, ദൈവം വന്നു പറഞ്ഞാലും ഞങ്ങൾ നന്നാവുകയില്ല എന്ന്. പിന്നെ എങ്ങനെ നന്നാവുമെന്നാണ് പറയുന്നത്? സ്വന്തം മുഖച്ഛായയെക്കുറിച്ച് ധാരണയില്ലാത്ത ആളുകളാണ്, നമ്മളെക്കുറിച്ച് ഒരു ധാരണ ഇല്ലെങ്കിൽ നമുക്ക് പല പ്രതീക്ഷകളുണ്ടാകും. അങ്ങനെയുള്ള ഒരു കഥാപാത്രം ശ്രീ. വി. ഡി. രാജപ്പന്റെ കഥാപ്രസംഗത്തിലുണ്ട്. അമേരിക്കയിൽ നിന്ന് മകൾ അയച്ച തുണികൊടുത്ത് രണ്ട് ഷർട്ട് തയ്ക്കാമെന്ന് തയ്യൽക്കാരൻ പറഞ്ഞപ്പോൾ പോരാ, 8-10 എണ്ണം വേണമെന്നു പറഞ്ഞു. അതനുസരിച്ച് 8-10 എണ്ണം നിക്കറാണ് തയ്ച്ചു കൊടുത്തത്. ഇതും ധരിച്ചുകൊണ്ട് ദിവസവും കവലയിലേയ്ക്ക് പോകുന്ന വലിയപ്പൻ ഇത് മകൾ അമേരിക്കയിൽ നിന്ന് അയച്ചുതന്നതാണ്, ഈ സൈസ് 8-10 എണ്ണം ഇനിയും വീട്ടിൽ ഇരിപ്പുണ്ട് എന്നു പറയാറുണ്ട്. പക്ഷേ ഒരു ദിവസം ഇത് ധരിക്കാൻ മറന്നുപോയി. നെല്ലുകുത്തി തിരിച്ചു വന്ന ഏലിയാമ്മ ചേട്ടത്തിയോട് അങ്ങോട്ട് വലിയപ്പൻ പറഞ്ഞു 8-10 എണ്ണം മകൾ അമേരിക്കയിൽ നിന്ന് അയച്ചുതന്നതാണ്. ഇനി വീട്ടിൽ ഒരുപാടെണ്ണം ഇരിപ്പുണ്ട് എന്ന്. അതുപോലെ സ്വന്തം മുഖച്ഛായയെക്കുറിച്ച് അറിവില്ലാത്ത ആളുകൾ മാത്രമാണ് കോൺഗ്രസ് നന്നാവും ഞങ്ങളുടെ പാർട്ടി പിളരുകയില്ല, ഞങ്ങളുടെ പാർട്ടി നശിക്കുകയില്ല, ലോകം മുഴുവൻ വ്യാപിക്കും എന്നൊക്കെ പറയുന്നത്. നമ്മുടെ ബഹുമാനപ്പെട്ട പ്രതാപവർമ്മ തമ്പാൻ പറഞ്ഞല്ലോ "കുണ്ടിലിരിക്കും തവളക്കുഞ്ഞിന് കുന്നിനുമീതെ പറക്കാൻ മോഹം" എന്ന്. എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് നമുക്കറിയാം. കേരളത്തിലെ മൂന്നു കോടി ജനങ്ങൾ ഈ നാടകങ്ങൾ മുഴുവൻ കണ്ടുകൊണ്ടിരിക്കുകയാണ്. എറണാകുളം ആവർത്തിക്കപ്പെടാൻ പോവുകയാണ്. ദ്രോഹങ്ങൾ ഏറ്റുവാങ്ങിയ സർക്കാർ ജീവനക്കാർ, പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്ന ആളുകൾ, പെരുമ്പാവൂർ ട്രാവൻകൂർ റയോൺസ് ഉൾപ്പെടെ പൂട്ടികിടക്കുമ്പോൾ അതിലെല്ലാം ദുഃഖിച്ചു കഴിയുന്ന ആളുകൾ, ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയോടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ആവർത്തിച്ച് ആവർത്തിച്ച് ഞങ്ങൾ ആവശ്യപ്പെട്ടിട്ട് പരിഹാരം കാണാൻ പറ്റാത്ത ഒരുപാട് പ്രശ്നങ്ങൾ നിലനിൽക്കുന്നു. ഏറ്റവും ഒടുവിൽ എന്താണ് പ്രശ്നം? ഈ ലോകത്ത് കേട്ട് കേൾവിയില്ലാത്ത തരത്തിൽ, ബോഫോഴ്സ് കേസിൽ വിമോചിതരായി എന്ന് ആഹ്ലാദിക്കുന്നുണ്ടല്ലോ, സദ്ദാംഹുസൈനിൽ നിന്ന് കൈക്കൂലി വാങ്ങിച്ചുവെന്നു പറഞ്ഞ് ഈ 118 വർഷത്തെ പാരമ്പര്യമുള്ള കോൺഗ്രസിന്റെ സ്ഥിതി എന്താണെന്നാലോചിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ മുമ്പ് ഒരിക്കൽ ഈ സഭയിൽ പറഞ്ഞതാണ്. സായിപ്പാരംഭിച്ച കോൺഗ്രസ് മദാമ്മയിൽ അവസാനിക്കാൻവേണ്ടി പോകുകയാണ്. അതാണ് കേരളത്തിൽ സംഭവിക്കാൻ പോകുന്നത്. 5-8 മാസക്കാലം നാടകം ആടിയിട്ട് ഏത് ഹൈക്കമാന്റാണ് ഇവിടെ ഇടപെട്ടത് ആര് ഇടപെട്ടുവെന്നാണ് പറയുന്നത്? അങ്ങനെയുള്ള കോൺഗ്രസ് ഇവിടെ രക്ഷപ്പെടുമെന്നു പറഞ്ഞു. സി.പി.ഐ.(എം)-ൽ ആശയ സംഘട്ടനം ഉണ്ടാകും. എവിടെ ആശയ സംഘട്ടനം ഉണ്ടാകുന്നുവോ അവിടെ പുരോഗതി ഉണ്ടാകുമെന്ന് കാറൽ മാർക്സ് പറഞ്ഞിട്ടുള്ളതാണ്. പക്ഷേ കോൺഗ്രസിൽ നടക്കുന്നത് ആമാശയ സംഘട്ടനമാണ്. കോൺഗ്രസിന്റെ സംസ്ക്കാരം എന്നു പറയുന്നത് സ്വന്തത്തിൽ കുന്തം ചാരുന്നവരുടെ സംസ്ക്കാരമാണ് എന്ന് പറയാൻ എനിക്ക് വേദനയുണ്ട്. അങ്ങനെ അഴിമതിക്കാരുടെ കൂടാരമായിത്തീർന്ന ഒരു ഗവൺമെന്റാണിത്. നിരാശ ഇന്ന് ഞങ്ങൾക്ക് അല്ല. ഇന്ന് അപ്പുറത്തിരിക്കുന്നവരുടെ അധികാര മോഹത്തിൽ നിന്ന് ജനിച്ചിട്ടുള്ള ഒരു നിരാശയാണ് യഥാർത്ഥത്തിൽ ഇവിടെ പ്രതിഫലിച്ചത് എന്ന് സൂചിപ്പിക്കുകയാണ്. നിരവധിയായ പ്രശ്നങ്ങൾ തെരഞ്ഞെടുപ്പ് ഗോദയിലേയ്ക്ക് നമ്മൾ പോകാൻ വേണ്ടി നിൽക്കുമ്പോൾ ഉണ്ട് ഇനിയും ജനങ്ങളെ ഒരുപാട് കാലം പറ്റിക്കാൻ കഴിയില്ല എന്നാണ് ശ്രീ. പ്രതാപവർമ്മ തമ്പാൻ പറഞ്ഞത്. അതു തന്നെയാണ് ഞങ്ങൾക്കും സൂചിപ്പിക്കാനുള്ളത്. ഉറപ്പായിട്ട് ഈ സാക്ഷര സുന്ദര കേരളത്തിൽ എറണാകുളം ആവർത്തിക്കത്തക്ക തരത്തിലുള്ള ശക്തമായ തിരിച്ചടിയും താക്കീതും അടുത്ത പാർലമെന്റ് തെരഞ്ഞെടുപ്പിൽ നിങ്ങൾക്ക് നൽകും, അതുപോലെ ഇന്ത്യയിലും നൽകും എന്നുള്ള ഒരു ഉറച്ച വിശ്വാസത്തോടുകൂടി ഒരിക്കൽക്കൂടി ഈ ബില്ലുകളെ എതിർത്തുകൊണ്ട് അവസാനിപ്പിക്കുകയാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, എണ്ണായിരത്തി അറുനൂറ്റി മുപ്പത്തിയേഴുകോടി എൺപത്തിയാറായിരം രൂപയ്ക്കുള്ള വോട്ട് ഓൺ അക്കൗണ്ടിനുള്ള 2004-ലെ കേരള ധനവിനിയോഗ ബില്ലാണ് അംഗീകാരത്തിനായി സഭ മുമ്പാകെ അവതരിപ്പിച്ചിരിക്കുന്നത്. അടുത്ത സാമ്പത്തിക വർഷത്തെ നാല് മാസത്തേയ്ക്കുള്ള ചെലവിലേയ്ക്കാണ് ഈ തുക ആവശ്യപ്പെട്ടത്. ഞാൻ സഭയിൽ അവതരിപ്പിച്ച ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ പ്രകാരം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 14,263.96 കോടി രൂപയും റവന്യൂ ചെലവ് 18,971.09 കോടി രൂപയുമാണ്. റവന്യൂകമ്മി 4,707.13 കോടി രൂപയാണ് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്താവിച്ച കണക്കുകൾ പ്രകാരം ആകെ കമ്മി 395.27 കോടി രൂപയായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ ബഡ്ജറ്റിന്റെ പൊതു ചർച്ചയ്ക്കുള്ള മറുപടി പ്രസംഗത്തിൽ ഞാൻ ചില പുതിയ ചെലവുകളും ചില ഇളവുകളും പ്രഖ്യാപിക്കുകയുണ്ടായി. അധിക ചെലവ് ഇനത്തിൽ 25 കോടി രൂപയും ഇളവ് ഇനത്തിൽ 8 കോടി രൂപയുംകൂടി കണക്കാക്കുമ്പോൾ മൊത്തം

